بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ


വീക്കിലി ഖാദിയാൻ
മലയാളം

Weekly
BADAR Qadian
Malayalam

www.akhbarbadr.in

ജൽസ സാലാന
വിശേഷാൽ പതിപ്പ്

എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**

സബ് എഡിറ്റർ(ആക്ടിങ്)
**അംനാസ്.പി.കെ**

വാള്യം
10
ലക്കം
51 – 52
വാർഷിക
വരിസംഖ്യ
൬൦൦ രൂപ

18 - 25 ഡിസംബർ 2025 • 26 ജമാദുസാനി - 4 റജബ് 1447 ഹിജ്റ ഖമരി • 18 - 25 ഫതഹ് 1404 ഹിജ്രി ശംസി • Postal Reg No: GDP/001/2023 - 25


# സാമൂഹിക ഐക്യത്തിന്റെ പ്രസക്തി: ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ




യു.കെ ജൽസാ സാലാന വേളയിലെ ആഗോള ഐക്യത്തിന്റെ പ്രതീകമായ ആത്മീയോത്കർഷക ദൃശ്യം
സ്നേഹനിർഭരമായ തൃക്കരത്തിൽ ലോകജനതയുടെ കരങ്ങൾ




ബദർ വായനക്കാർക്ക് പ്രാർഥനയോടെ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ**

(അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് )

**ഇസ്‌ലാമിക അധ്യാപനങ്ങളിൽ വിവരിച്ചിട്ടുള്ള സാമൂഹിക ഐക്യത്തിന്റെ പ്രാധാന്യത്തിന്റെയും അനുഗ്രഹങ്ങളുടെയും പ്രായോഗികമായ ചിത്രമാണ് ഖിലാഫത്തിന്റെ തണലിലുള്ള അഹ്‌മദിയ്യാ ജമാഅത്ത്.**

ബദർ വിശേഷാൽ പതിപ്പിനായി ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുവിന്റെ സ്നേഹനിർഭരമായ സന്ദേശം. സാമൂഹിക ഐക്യത്തിന്റെ പ്രസക്തി: ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ എന്ന വിഷയത്തിൽ ഇറങ്ങുന്ന ബദർ വിശേഷാൽ പതിപ്പിനായി, പ്രിയങ്കരനായ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹു തആലാ ബിനസ്‌രിഹിൽ അസീസ് അയച്ചുതന്ന ആത്മീയോൽക്കർഷകമായ സന്ദേശം ബദർ വായനക്കാരുടെ പ്രയോജനാർഥം താഴെ കൊടുക്കുന്നു. അതിയായ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിലും ബദർ അനുവാചകർക്കു വേണ്ടി അനുഗൃഹീതമായ സന്ദേശം അയച്ചുതന്ന ഹദ്റത്ത് അമീറുൽ മുഅ്മിനീനോട് (അയ്യദഹുല്ലാഹു) ബദർ പത്രാധിപ സമിതി നന്ദിയുള്ളവരാണ്.

# ഹുസൂർ തിരുമനസ്സിന്റെ സന്ദേശം

ഇസ്‌ലാമാബാദ് യു.കെ
MA-6.11.2025

പ്രിയ (ബദർ വാരിക, ഖാദിയാൻ) വായനക്കാരേ,

السلام علیکم ورحمۃ اللہ وبرکاتہ

അൽഹംദുലില്ലാഹ്, സാമൂഹിക ഐക്യത്തിന്റെ പ്രസക്തി: ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ എന്ന ശീർഷകത്തിൽ ഒരു വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കാൻ ബദർ പത്രത്തിന് തൗഫീഖ് ലഭിച്ചിരിക്കുന്നു. സർവ ശക്തനായ അല്ലാഹു ഇതിനെ എല്ലാ നിലയിലും അനുഗൃഹീതമാക്കട്ടെ. ആമീൻ.

ഇതു സംബന്ധമായി ഒരു സന്ദേശം അയക്കാൻ എന്നോട് അഭ്യർഥിച്ചിരിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇസ്‌ലാം, മുസ്‌ലീങ്ങളെ പരസ്പര സ്നേഹം, സാഹോദര്യം, ഐക്യം, അഖണ്ഡത എന്നിവ പഠിപ്പിക്കുകയും, അവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളും ഭിന്നിപ്പുകളും ഉണ്ടാകുന്നതിനെ വിലക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

وَاعْتَصِمُوْا بِحَبْلِ اللّٰهِ جَمِيْعًا وَّلَا تَفَرَّقُوْا۔ (آل عمران۔۱۰۴)۔

അർഥം : നിങ്ങളെല്ലാവരും ഒത്തുചേർന്നു അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്.

അതുപോലെ ഒരു ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു; റസൂലുല്ലാഹ്ﷺ പറഞ്ഞു: അല്ലാഹു എന്റെ സമുദായത്തെ വഴികേടിലും ദുർമാർഗത്തിലും ഒരുമിച്ചുകൂട്ടുകയില്ല. അല്ലാഹുവിന്റെ സഹായം എപ്പോഴും ജമാഅത്തിനോടൊപ്പമായിരിക്കും ഉണ്ടാകുക.

مَنْ شَذَّ شُذَّ اِلَى النَّارِ

ജമാഅത്തിൽ നിന്ന് വേർപെടുന്നവൻ തീർച്ചയായും നരകത്തിലേക്കാണ് വലിച്ചെറിയപ്പെടുന്നത്.*(തിർമിദി, കിതാബുൽ ഫിതൻ)*

ഇതേ അധ്യാപനം തന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്عليه السلام തന്റെ ജമാഅത്തിനും നല്കിയിട്ടുള്ളത്. അവിടന്ന് ഇപ്രകാരം പറയുന്നു: സഹാബാക്കൾرضي الله عنهم വളരെയധികം അനുഗൃഹീതരായിരുന്നു. അവർ റസൂൽ തിരുമേനിﷺയോടുള്ള അനുസരണത്തിൽ വളരെയധികം ലയിച്ചു ചേർന്നവരായിരുന്നു. ഒരു ജനത അനുസരണത്തിന്റെ തത്ത്വം സ്വീകരിക്കുന്നത് വരെ അവരിൽ ദേശീയതയുടെയും ഐക്യത്തിന്റെയും ആത്മാവ് സന്നിവേശിപ്പിക്കപ്പെടുകയില്ല എന്നതും അവർ ഒരു സമുദായമായി കണക്കാക്കപ്പെടുകയുമില്ല എന്നതും സത്യമായ കാര്യമാണ്. അഭിപ്രായ വ്യത്യാസങ്ങളും ഭിന്നിപ്പും നിലനിൽക്കുകയാണെങ്കിൽ അത് അധഃപതനത്തിന്റെയും തകർച്ചയുടെയും ലക്ഷണങ്ങളാണെന്ന് നിങ്ങൾ മനസ്സിലാക്കുക... അല്ലാഹുവിന്റെ (സഹായ)ഹസ്തം ജമാഅത്തിനുമേലാണുള്ളത്... അല്ലാഹു തൗഹീദ് ഇഷ്ടപ്പെടുന്നു എന്നതാണ് അതിൽ അടങ്ങിയിരിക്കുന്ന നിഗൂഢസത്യം. അനുസരണമില്ലാതെ ഐക്യം സ്ഥാപിക്കാൻ സാധിക്കുകയില്ല... ചുരുക്കത്തിൽ സഹാബാക്കളുടേത് പോലുള്ള അവസ്ഥയുടെയും ഐക്യത്തിന്റെയും ആവശ്യകത ഇന്നുമുണ്ട്. കാരണം, വാഗ്ദത്തമസീഹിന്റെ കരങ്ങളാൽ തയ്യാറാക്കപ്പെടുന്ന ജമാഅത്തിനെ റസൂലുല്ലാഹ്ﷺ തങ്ങൾ തയ്യാറാക്കിയ ജമാഅത്തിൽ അല്ലാഹു ഉൾപ്പെടുത്തിരിക്കുന്നു. ജമാഅത്തിന്റെ പുരോഗതി ഇത്തരം ആളുകളുടെ മാതൃകകളിലൂടെയാണ് ഉണ്ടാകുന്നത്. അതുകൊണ്ട്, വാഗ്ദത്തമസീഹിന്റെ ജമാഅത്തിൽ ഉൾപ്പെട്ടുകൊണ്ട് സ്വഹാബത്തിന്റെ ജമാഅത്തിൽ ചേരാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ സ്വഹാബാക്കളുടെ നിറം സ്വാംശീകരിക്കുക. അനുസരണത്തിന്റെ നില അവരുടേതു പോലെയാകണം. പരസ്പര സ്നേഹവും സാഹോദര്യവുമാണെങ്കിലും അവരുടേതു പോലെയാകണം. ചുരുക്കത്തിൽ, എല്ലാ രൂപഭാവങ്ങളിലും നിങ്ങൾ സ്വഹാബാക്കളുമായി താദാത്മ്യം പ്രാപിക്കുക.

(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام, ഭാഗം 3, പേജ് 317-319)

ആ മഹാത്മാവ് മറ്റൊരിടത്ത് ഇപ്രകാരം പറയുന്നു:

'ഭൂമിയിലെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്ന, യൂറോപ്പിലായാലും ഏഷ്യയിലായാലും, സത്സ്വഭാവമുള്ള എല്ലാ ആത്മാക്കളെയും ഏകദൈവത്വത്തിലേക്ക് (തൗഹീദിലേക്ക്) ആകർഷിക്കുവാനും, തന്റെ ദാസരെ ഒരൊറ്റ മതത്തിൽ ഒരുമിച്ചുകൂടുവാനും സർവശക്തനായ അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ലക്ഷ്യം, ഇതിന് വേണ്ടിയാണ് ഞാൻ ലോകത്തേക്ക് അയക്കപ്പെട്ടിട്ടുള്ളത്.'

*(അൽ-വസിയ്യത്ത്, റൂഹാനി ഖസായിൻ, ഭാഗം 20, പേജ് 306,307)*

അതുകൊണ്ട് ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും റസൂലുല്ലാഹ് ﷺ തങ്ങളുടെ പതാകക്ക് കീഴിൽ ഒരുമിച്ചുകൂടുകയും ചെയ്യുക എന്നതുമാത്രമാണ് നമ്മുടെ ഉദ്ദേശ്യവും ലക്ഷ്യവും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഐക്യം എന്നത് ഇന്ന് വാഗ്ദത്ത മസീഹ്عليه السلامന്റെ ജമാഅത്തിന്റെ മാത്രം സവിശേഷതയാണ്. മറ്റെല്ലാവരും ഭിന്നിപ്പിന് ഇരയായിരിക്കുന്നു. അല്ലാഹുവിന്റെ ഈ അനുഗ്രഹത്തെ അവർ വിലമതിക്കാത്ത കാലത്തോളം ഇനിയും അങ്ങനെത്തന്നെ തുടരുന്നതായിരിക്കും. അതുകൊണ്ട്, നാം സൗഭാഗ്യവാന്മാരാണ്. കാരണം, ഖിലാഫത്തിന്റെ അനുഗ്രഹത്താൽ നമ്മൾ പുരോഗതിയുടെ രാജപാതയിലൂടെ സത്വരം മുന്നേറുകയും മുഴുലോകത്തും ഇസ്‌ലാമിന്റെ പതാക ഉയർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. വാഗ്ദത്ത മസീഹ് عليه السلامന്റെ പ്രിയപ്പെട്ട ജമാഅത്ത് ഒരേകയ്യിൽ ഐക്യപ്പെടണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതുകൊണ്ട് അല്ലാഹു

**ശേഷം പേജ് 25 ൽ**

## സാമൂഹിക ഐക്യത്തിന്റെ പ്രസക്തി: ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ


| നം. | വിഷയം | പേജ് |
|---|---|---|
| 1 | ദേശീയോദ്ഗ്രഥനം എങ്ങനെ സാധ്യമാകും? | 4 |
| 2 | അല്ലാഹുവിന്റെ വചനം | 5 |
| 3 | തിരുനബിയുടെ തിരുവചനങ്ങൾ | 6 |
| 4 | വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ: സ്നേഹം, വാത്സല്യം, സമാധാനം, അനുരഞ്ജനം | 7 |
| 5 | ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു തആലാ) സാമൂഹിക ഐക്യത്തിന് നല്കിയ സുവർണ നിർദേശങ്ങൾ | 11 |
| 6 | ഇസ്‌ലാമിലെ നീതിയുടെയും ന്യായത്തിന്റെയും അധ്യാപനങ്ങൾ | 18 |


لَآ اِلٰهَ اِلَّا اللهُ مُحَمَّدٌ رَّسُوْلُ اللهِ

# ദേശീയോദ്ഗ്രഥനം എങ്ങനെ സാധ്യമാകും?

നമ്മുടെ പ്രിയപ്പെട്ട ഇന്ത്യാ മഹാരാജ്യം നാനാ ജാതി, മത, വർഗ, വർണ, വംശങ്ങളുടെ ഈറ്റില്ലമാണ്. എന്നാൽ കാലക്രമേണ അതിലെ ദേശീയോദ്ഗ്രഥനം അഥവാ സാമൂഹിക ഐക്യത്തിന്റെ അന്തരീക്ഷത്തിന് മങ്ങലേറ്റു കൊണ്ടിരിക്കുകയാണ്. ഇതിൽ വിവിധ മതങ്ങൾക്ക് അത്ര വലിയ പങ്കില്ലെങ്കിലും മതങ്ങളുമായി ബന്ധമുള്ള രാഷ്ട്രീയക്കാർ ഇതിൽ ഭാഗഭാക്കാണ്. അവർ രാഷ്ട്രീയ നേട്ടങ്ങൾക്കായി മതങ്ങൾ ദുരുപയോഗം ചെയ്യുകയും തരംതാണ നിലപാടു സ്വീകരിക്കുകയും ചെയ്യുന്നു. ഹിന്ദു മതവുമായി ബന്ധപ്പെട്ട രാഷ്ട്രീയക്കാർ തങ്ങളുടെ ഹിന്ദു വോട്ടർമാർക്കിടയിൽ വിലകുറഞ്ഞ പ്രശസ്തി നേടാൻ വേണ്ടി ഹിന്ദുമതം അപകടത്തിലാണ് എന്ന് വരുത്തിത്തീർക്കുകയും അന്യമതസ്ഥരുമായി അവരെ തമ്മിലടിപ്പിക്കുകയും ചെയ്ത് തങ്ങളുടെ നിക്ഷിപ്ത താത്പര്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നു. ഹിന്ദു മതനേതാക്കന്മാർ അത്തരം രാഷ്ട്രീയക്കാരോട് ഐക്യദാർഢ്യവും പിന്തുണയും പ്രഖ്യാപിക്കുകയും അവരോടൊപ്പം പരമാവധി സ്വമതസ്ഥരെ ചേർക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഈ വിജയം അവർക്ക് വളരെ സമീപസ്ഥമായി കാണപ്പെടുന്നു. ഇതിനായി ചിലപ്പോൾ അവർ തീവ്ര നിലപാടുകൾ സ്വീകരിക്കാൻ പോലും മടിക്കില്ല.

മുസ്‌ലിം രാഷ്ട്രീയക്കാരുടെ സ്ഥിതിയും മറിച്ചല്ല. തങ്ങളുടെ രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇസ്‌ലാം അപകടത്തിലാണെന്ന് പറഞ്ഞ് തങ്ങളുടെ ഈ മ്ലേച്ഛമായ ലക്ഷ്യത്തിൽ പൊതു മുസ്‌ലീങ്ങളെയും പങ്കുചേർക്കുകയും തങ്ങളുടെ ഈ ഉദ്ദേശ്യം ശക്തമാക്കാൻ മുസ്‌ലിം ഉലമാക്കളുടെ സഹായം തേടുകയും ചെയ്യുന്നു. അതുവഴി തങ്ങളുടെ രാഷ്ട്രീയ കച്ചവടം മെച്ചപ്പെടുത്താം എന്നവർ കരുതുന്നു. ഇതേ നിലപാട് തന്നെയാണ് മറ്റ് മതവിഭാഗങ്ങളിലും ജനസമൂഹങ്ങളിലുമുള്ള രാഷ്ട്രീയക്കാർക്കുമുള്ളത്. ഇന്ത്യയിൽ മാത്രമല്ല, അയൽ രാജ്യങ്ങളിലും തങ്ങളുടെ രാഷ്ട്രീയ കച്ചവടത്തെ മോടിപിടിപ്പിക്കാൻ വേണ്ടി അതിന് മതപരിവേഷം നല്കുന്ന ഈ മ്ലേച്ഛമായ കച്ചവടം വളരെ ശക്തമായി നടക്കുന്നുണ്ട്.

ഈ വിഷയത്തിൽ ഇന്ത്യയെക്കാൾ മുൻപന്തിയിലാണ് പാകിസ്ഥാൻ. അവിടെ രാഷ്ട്രീയക്കാർ മൗലവിമാരുടെ സഹായത്തോടെ കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി തങ്ങളുടെ കച്ചവടം തകൃതിയായി നടത്തുകയാണ്. എന്നാൽ ഒടുവിൽ, പാകിസ്ഥാന്റെ നിലവിലെ അവസ്ഥ എല്ലാവരുടെയും മുന്നിലുണ്ട്. അവിടെ രാഷ്ട്രീയത്തിനോ മതത്തിന്റെ യഥാർഥ രൂപത്തിനോ, സാമ്പത്തിക രംഗത്തിനോ, സാമൂഹിക ബന്ധങ്ങൾക്കോ നിലനിൽക്കാൻ കഴിയുന്നില്ല. മതം, രാഷ്ട്രീയം, സാമ്പത്തികം, സാമൂഹികം എല്ലാം ഛിന്നഭിന്നമായിരിക്കുന്നു.

പാകിസ്ഥാനിലെ സാഹചര്യങ്ങൾ ഇപ്പോൾ ഇന്ത്യയിലും ഉണ്ടായികൊണ്ടിരിക്കുന്നു. ദുഃഖകരമെന്നു പറയട്ടെ, ഇത് ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാകിസ്ഥാൻ രാഷ്ട്രീയത്തിൽ മതപരമായ തീവ്രവാദം ആരംഭിച്ചപ്പോൾ പാഠം ഉൾക്കൊണ്ട് പിന്മാറാനായി അവർക്ക് മുമ്പാകെ അക്കാലത്ത് ഒരു മാതൃകയും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ത്യയുടെ മുന്നിൽ പാകിസ്ഥാന്റെ ശോചനീയമായ അവസ്ഥ നിലവിലുണ്ട്.

അതുമാത്രമല്ല, ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ മുന്നിൽ യൂറോപ്പിന്റെ ഗതകാല ചരിത്രവും ഉണ്ട്. പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിലെ ആ ഭയാനകമായ ഇരുണ്ട കാലഘട്ടം യൂറോപ്പിന് വന്നണഞ്ഞപ്പോൾ, അക്കാലത്തെ മത തീവ്രവാദികൾ തങ്ങളുടെ മ്ലേച്ഛമായ താത്പര്യങ്ങളും ലക്ഷ്യങ്ങളും പൂർത്തീകരിക്കുന്നതിന് വേണ്ടി നിരപരാധികളായ മനുഷ്യർക്കുമേൽ അക്രമങ്ങൾ അഴിച്ചുവിടുകയും ബുദ്ധിജീവികൾക്കും ശാസ്ത്രജ്ഞർക്കും ലജ്ജാകരമായ ശിക്ഷകൾ നല്കുകയും ചെയ്തു. ഗലീലിയോയെയും അദ്ദേഹത്തെപ്പോലെയുള്ള നിരവധി ബുദ്ധിജീവികളെയും മതത്തിന്റെ കുത്തകയുള്ളവർ വിചാരണചെയ്തു. എന്നാൽ യൂറോപ്പ് രാഷ്ട്രീയവും മതവും വേർതിരിച്ച് മതേതര ചിന്തയ്ക്ക് തുടക്കമിട്ടപ്പോൾ, അവിടെ വികസന യുഗം ആരംഭിച്ചു. ഇന്നും യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെയും ഏഷ്യയിലെയും പല രാജ്യങ്ങളെക്കാളും മുന്നിലാണ്.

ആ കാലഘട്ടത്തെ യൂറോപ്പിന്റെ നവോത്ഥാന കാലം (Renaissance) എന്ന് വിളിക്കുന്നു. ഇന്ത്യയിലെയും പാകിസ്ഥാനിലെയും ബംഗ്ലാദേശിലെയും രാഷ്ട്രീയക്കാരും മതനേതാക്കളും യൂറോപ്പിന്റെ ഈ ചരിത്രത്തിൽ നിന്ന് പാഠം ഉൾക്കൊള്ളുകയും, ആ ചരിത്രം വീണ്ടും ആവർത്തിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്ന്! നൂറ്റാണ്ടുകളോളം ഒരു ജനത അനുഭവിച്ച ആ കയ്പ്പേറിയ അനുഭവം വീണ്ടും ആവർത്തിക്കാതിരിച്ചെങ്കിൽ!

പക്ഷേ, കാര്യം അവിടംകൊണ്ട് അവസാനിക്കുന്നില്ല. യൂറോപ്പ് അതിന്റെ ഈ ഭൗതിക വികസനത്തിൽ മതത്തിന്റെ ക്രിയാത്മകമായ ഭാഗധേയത്തെ അവഗണിക്കുകയും മതത്തെ പാടെ വിസ്മരിക്കുകയും ചെയ്തിരിക്കുന്നു. തത്ഫലമാ

ശേഷം പേജ് 26 ൽ

**അല്ലാഹുവിന്റെ വചനം**

# നീതിപുലർത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും

**അടുത്ത ബന്ധുക്കൾക്കെന്ന പോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു.**

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا ۚ إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ ○

(سورة الحجرات14)

മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا ○

(سورة النساء2)

മനുഷ്യരേ, നിങ്ങളെ ഒരേയൊരു സത്തയിൽനിന്നു സൃഷ്ടിക്കുകയും അതിൽ (അതിന്റെ വർഗത്തിൽ) നിന്നു അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും(ലോകത്ത് സൃഷ്ടിച്ചു) വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക; ഏതൊരുവനെ മുൻനിറുത്തി നിങ്ങൾ പരസ്പരം (ആവശ്യങ്ങൾ) ചോദിക്കുന്നുവോ ആ അല്ലാഹുവിനെ സൂക്ഷിക്കുക. (പ്രത്യേകിച്ച്) രക്തബന്ധങ്ങളുടെ കാര്യത്തിൽ നിങ്ങൾ അവനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ടക്കാരനാണ്.

يَا أَيُّهَا الَّذِينَ آمَنُوا لَا يَسْخَرْ قَوْمٌ مِّن قَوْمٍ عَسَىٰ أَن يَكُونُوا خَيْرًا مِّنْهُمْ وَلَا نِسَاءٌ مِّن نِّسَاءٍ عَسَىٰ أَن يَكُنَّ خَيْرًا مِّنْهُنَّ ۖ وَلَا تَلْمِزُوا أَنفُسَكُمْ وَلَا تَنَابَزُوا بِالْأَلْقَابِ ۖ بِئْسَ الِاسْمُ الْفُسُوقُ بَعْدَ الْإِيمَانِ ۚ وَمَن لَّمْ يَتُبْ فَأُولَٰئِكَ هُمُ الظَّالِمُونَ ○

(سورة الحجرات12)

വിശ്വസിച്ചവരേ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. (ഒരുപക്ഷേ) അവർ ഇവരെക്കാൾ ഉത്തമരായെന്നുവരാം. സ്ത്രീകൾ (മറ്റു) സ്ത്രീകളെയും പരിഹസിക്കരുത്. (ഒരു പക്ഷേ) അവർ ഇവരെക്കാൾ ഉത്തമകളായെന്നുവരാം. നിങ്ങൾ നിങ്ങളുടെ സ്വന്തമാളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കുകയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരണത്തിൽനിന്ന് അകന്നുപോകുന്നത് ചീത്തപ്പേരിന് കാരണമാകുന്നതാണ്. പശ്ചാത്തപിച്ച് മടങ്ങാത്തവർതന്നെയാണ് അധർമികൾ.

لَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ لَمْ يُقَاتِلُوكُمْ فِي الدِّينِ وَلَمْ يُخْرِجُوكُم مِّن دِيَارِكُمْ أَن تَبَرُّوهُمْ وَتُقْسِطُوا إِلَيْهِمْ ۚ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ ○

(سورة الممتحنة9)

മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽനിന്നു നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി, നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോടു വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

إِنَّمَا يَنْهَاكُمُ اللَّهُ عَنِ الَّذِينَ قَاتَلُوكُمْ فِي الدِّينِ وَأَخْرَجُوكُم مِّن دِيَارِكُمْ وَظَاهَرُوا عَلَىٰ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُولَٰئِكَ هُمُ الظَّالِمُونَ ○

(سورة الممتحنة10)

(നേരെ മറിച്ച്) മതം കാരണമായി നിങ്ങളോടു യുദ്ധം ചെയ്യുകയും നിങ്ങളുടെ ഭവനങ്ങളിൽനിന്നു നിങ്ങളെ ബഹിഷ്ക്കരിക്കുകയും നിങ്ങളെ ബഹിഷ്ക്കരിക്കാൻ ( മറ്റു ശ്രതുക്കളെ)സഹായിക്കുകയും ചെയ്തവരോടു മാത്രമാണ് നിങ്ങൾ സൗഹൃദം സ്ഥാപിക്കുന്നതിനെ അല്ലാഹു നിങ്ങളെ വിരോധിക്കുന്നത്. ആരെങ്കിലും അവരുമായി സൗഹൃദം പുലർത്തുന്നതായാൽ അവർ അധർമികൾ തന്നെയാണ്.

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ لِلَّهِ شُهَدَاءَ بِالْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰ أَلَّا تَعْدِلُوا ۚ اعْدِلُوا هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ○

(سورة المائدة9)

വിശ്വസിച്ചവരേ, നിങ്ങൾ നീതിക്കുസാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വഴിരാധം അവരോടു നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ (എപ്പോഴും) നീതിപാലിക്കുക. അതു ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു സൂക്ഷ്മമായി അറിവുള്ളവനാണ്.

قُلْ يَا أَهْلَ الْكِتَابِ تَعَالَوْا إِلَىٰ كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللَّهَ وَلَا نُشْرِكَ بِهِ شَيْئًا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ اللَّهِ ۚ فَإِن تَوَلَّوْا فَقُولُوا اشْهَدُوا بِأَنَّا مُسْلِمُونَ ○

(سوره آل عمران65)

പറയുക, ഓ ഗ്രന്ഥാനുസാരികളേ! (കുറഞ്ഞപക്ഷം) ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് അല്ലാഹുവിനെയല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോടു യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മൾ ചിലർ മറ്റുചിലരെ അല്ലാഹുവിനുപുറമേ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്ത്വത്തിലേക്ക്) വരുക. എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്നുവെങ്കിൽ പറയുക, ഞങ്ങൾ (അല്ലാഹുവിനോട്) അനുസരണം പുലർത്തുന്നവരാണെന്നതിനു നിങ്ങൾ സാക്ഷ്യം വഹിക്കുക.

ശേഷം പേജ് 25 ൽ

**തിരുനബിയുടെ തിരുവചനങ്ങൾ**

# സമസ്ത സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്

## അല്ലാഹുവിന് ഏറ്റവും പ്രിയങ്കരൻ അവന്റെ കുടുംബത്തോട് നല്ലനിലയിൽ വർത്തിക്കുന്നവനാണ്

عَنْ اَبِیْ نَضْرَةَ حَدَّثَنِیْ مَنْ سَمِعَ خُطْبَةَ رَسُوْلِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فِیْ وَسْطِ اَيَّامِ التَّشْرِيْقِ فَقَالَ يَا اَيُّهَا النَّاسُ اَلَا اِنَّ رَبَّكُمْ وَاحِدٌ وَاِنَّ اَبَاكُمْ وَاحِدٌ، اَلَا لَا فَضْلَ لِعَرَبِیٍّ عَلٰى عَجَمِیٍّ وَلَا لِعَجَمِیٍّ عَلٰى عَرَبِیٍّ وَلَا لِاَحْمَرَ عَلٰى اَسْوَدَ وَلَا لِاَسْوَدَ عَلٰى اَحْمَرَ اِلَّا بِالتَّقْوٰى اَبَلَّغْتُ؟ قَالُوْا بَلَّغَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ۔

ثُمَّ قَالَ: اَیُّ يَوْمٍ هٰذَا؟ قَالُوْا: يَوْمٌ حَرَامٌ، قَالَ: اَیُّ شَهْرٍ هٰذَا؟ قَالُوْا: شَهْرٌ حَرَامٌ، قَالَ: ثُمَّ اَیُّ بَلَدٍ هٰذَا؟ قَالُوْا: بَلَدٌ حَرَامٌ، قَالَ: فَاِنَّ اللهَ قَدْ حَرَّمَ بَيْنَكُمْ دِمَاءَكُمْ وَاَمْوَالَكُمْ، قَالَ: وَلَا اَدْرِیْ، قَالَ اَوْ بَلَدَكُمْ هٰذَا۔ اَبَلَّغْتُ؟ قَالُوْا: بَلَّغَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لِيُبَلِّغِ الشَّاهِدُ الْغَائِبَ۔

ഹദ്റത്ത് അബൂനള്റ ؓ നിവേദനം ചെയ്യുന്നു: മിനയിലെ ദിവസങ്ങളിൽ നബിതിരുമേനി ﷺ നടത്തിയ വിടവാങ്ങൽ പ്രസംഗം (ഖുതുബത്തുൽ വിദാഅ്) കേട്ട ഒരാൾ എന്നോട് പറഞ്ഞു: ആ പ്രസംഗത്തിൽ അവിടുന്ന് ഇപ്രകാരം പറഞ്ഞു: 'അല്ലയോ ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ നാഥൻ ഏകനാകുന്നു. നിങ്ങൾക്ക് പിതാവും ഒന്നേയുള്ളൂ. ഓർക്കുക! അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. വെളുത്തവന് കറുത്തവനുമേലോ കറുത്തവന് വെളുത്തവനുമേലോ യാതൊരു ശ്രേഷ്ഠതയുമില്ല. ഭയഭക്തിയും (തഖ്‌വ) സത്പ്രവർത്തനങ്ങളും മാത്രമാണ് ശ്രേഷ്ഠതയുടെ മാനദണ്ഡം. ഞാൻ ഈ സുപ്രധാന സന്ദേശം (യഥാർഹം) എത്തിച്ചുവോ? ജനങ്ങൾ (ഉച്ചത്തിൽ) പറഞ്ഞു: അതെ! അല്ലാഹുവിന്റെ ദൂതരേ, അങ്ങ് ഈ സത്യസന്ദേശം നന്നായി എത്തിച്ചുതന്നിരിക്കുന്നു. അനന്തരം അവിടന്ന് ചോദിച്ചു: ഇന്ന് ഏത് ദിവസമാണ്? ജനങ്ങൾ പ്രതിവചിച്ചു: (ഹജ്ജ് ദിനങ്ങളിലെ) ആദരണീയ ദിവസമാണ്. പിന്നെ അവിടന്ന് ചോദിച്ചു: ഇത് ഏത് മാസമാണ്? ജനങ്ങൾ പ്രതിവചിച്ചു: ഇത് ആദരണീയ (ദുൽഹജ്ജ്) മാസമാണ്. വീണ്ടും അവിടന്ന് ചോദിച്ചു: ഇത് ഏത് പട്ടണമാണ്? ജനങ്ങൾ പ്രതിവചിച്ചു: ഇത് ആദരണീയ (മക്കാ) പട്ടണമാണ്. അപ്പോൾ അവിടന്ന് പറഞ്ഞു: തീർച്ചയായും നിങ്ങളുടെ ജീവനും നിങ്ങളുടെ ധനവും (ആത്മാഭിമാനത്തെപ്പറ്റി അവിടന്ന് പറഞ്ഞോ എന്ന് നിവേദകന് ഓർമ്മയില്ല) ഈ ദിവസത്തിനും, ഈ മാസത്തിനും, ഈ പട്ടണത്തിനും എത്രമാത്രം ബഹുമാനമുണ്ടോ, അത്രതന്നെ പവിത്രവും ആദരണീയവുമാണ് (അതായത്, ഇവയുടെ പവിത്രതയ്ക്ക് നിങ്ങൾ ഭംഗം വരുത്താത്തതു പോലെ, ജനങ്ങളുടെ ജീവനും സ്വത്തിനും ആത്മാഭിമാനത്തിനും ഭംഗം വരുത്തുന്നത് അനുവദനീയമല്ല.) അനന്തരം അവിടന്ന് ചോദിച്ചു: ഞാൻ ഈ സുപ്രധാന സന്ദേശം (യഥാർഹം) എത്തിച്ചുവോ? ജനങ്ങൾ പ്രതിവചിച്ചു: 'അതെ! അല്ലാഹുവിന്റെ ദൂതരേ, അങ്ങ് എല്ലാം എത്തിച്ചുതന്നിരിക്കുന്നു. അപ്പോൾ അവിടുന്ന് പറയുന്നു: ഇവിടെ സന്നിഹിതരായവർ, ഇവിടെ ഹാജരില്ലാത്തവർക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കട്ടെ.

۔(مسند احمد جلد 5 صفحہ 411 مسند احمد جلد 1 صفحہ 230 عن ابن عباسؓ)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 704)۔

عَنْ ابْنِ عُمَرَ رَضِیَ اللهُ عَنْهُ قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: لَا تَحَاسَدُوْا وَلَا تَنَاجَشُوْا وَلَا تَبَاغَضُوْا وَلَا تَدَابَرُوْا وَلَا يَبِعْ بَعْضُكُمْ عَلٰى بَيْعِ بَعْضٍ، وَكُوْنُوْا عِبَادَ اللهِ اِخْوَانًا۔ اَلْمُسْلِمُ اَخُو الْمُسْلِمِ: لَا يَظْلِمُهٗ وَلَا يَحْقِرُهٗ وَلَا يَخْذُلُهٗ التَّقْوٰى هٰهُنَا۔ وَيُشِيْرُ اِلٰى صَدْرِهٖ ثَلَاثَ مَرَّاتٍ بِحَسْبِ امْرِیءٍ مِّنَ الشَّرِّ اَنْ يَحْقِرَ اَخَاهُ الْمُسْلِمَ كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ دَمُهٗ وَمَالُهٗ وَعِرْضُهٗ۔

ഹദ്റത്ത് അബ്ദുല്ലാഹ് ഇബ്നു ഉമർ ؓ നിവേദനം ചെയ്യുന്നു: നബി തിരുമേനി ﷺ പറഞ്ഞു: നിങ്ങൾ അന്യോന്യം അസൂയപ്പെടരുത്. നിങ്ങൾ പരസ്പരം ഉപദ്രവിക്കാനായി വില കൂട്ടരുത്. നിങ്ങൾ അന്യോന്യം വിദ്വേഷം വച്ച് പുലർത്തരുത്. നിങ്ങൾ പരസ്പരം പിന്തിരിഞ്ഞ് കളയരുത് (ബന്ധം വിച്ഛേദിക്കരുത്). ഒരാൾ കച്ചവടം ഉറപ്പിച്ചതിന്റെ മേൽ മറ്റൊരാൾ കച്ചവടം ചെയ്യരുത്. മറിച്ച്, നിങ്ങൾ അല്ലാഹുവിന്റെ അടിമകളായി സഹോദരങ്ങളെപ്പോലെ വർത്തിക്കുക. ഒരു മുസ്‌ലിം അവന്റെ സഹോദരനോട് അന്യായം ചെയ്യുകയില്ല. അവനെ നിന്ദിക്കുകയില്ല. അവനെ നാണംകെടുത്തുകയില്ല. അവിടുന്ന് തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് മൂന്ന് തവണ ആവർത്തിച്ച് ഇപ്രകാരം പറഞ്ഞു: ഭയഭക്തി (തഖ്‌വ) ഇവിടെയാകുന്നു. തുടർന്ന് അവിടന്ന് പറഞ്ഞു: ഒരു മനുഷ്യൻ തന്റെ മുസ്‌ലിം സഹോദരനെ നിന്ദ്യാദൃഷ്ടിയോടെ വീക്ഷിക്കുന്നത് തന്നെ അവന്റെ ദൗർഭാഗ്യത്തിന് മതിയായ കാരണമാണ്. ഓരോ മുസ്‌ലിമിന്റെയും രക്തവും, ധനവും, അഭിമാനവും മറ്റൊരു മുസ്‌ലിമിന് മേൽ ഹറാമാകുന്നു (നിഷിദ്ധവും ആദരണീയവുമാകുന്നു).

۔(مسلم کتاب البر والصلۃ باب تحریم ظلم المسلم وخذلہ)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 705)۔

عَنْ سَهْلِ بْنِ سَعْدٍ رَضِیَ اللهُ عَنْهُ قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: اَنَا وَكَافِلُ الْيَتِيْمِ فِی الْجَنَّةِ هٰكَذَا وَاَشَارَ بِالسَّبَّابَةِ وَالْوُسْطٰى وَفَرَّجَ بَيْنَهُمَا۔

ഹദ്റത്ത് സഹ്‌ലിബ്നു സഅ്ദ് ؓ നിവേദനം ചെയ്യുന്നു: നബി തിരുമേനി ﷺ പറഞ്ഞു: ഞാനും അനാഥനെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇങ്ങനെ ഒരുമിച്ചായിരിക്കും. വിശദീകരിക്കാനായി അവിടുന്ന് തന്റെ ചൂണ്ടുവിരലും നടുവിരലും അല്പം അകറ്റിപ്പിടിച്ച് കാണിച്ചു.

۔(بخاری باب فضل من یعول یتیمًا)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 712)۔

عَنْ عَبْدِ اللهِ بْنِ عُمَرَ رَضِیَ اللهُ عَنْهُ قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: اَعْطُوا الْاَجِيْرَ اَجْرَهٗ قَبْلَ اَنْ يَّجِفَّ عَرَقُهٗ۔

ഹദ്റത്ത് ഇബ്നു ഉമർ ؓ നിവേദനം ചെയ്യുന്നു: നബി തിരുമേനി ﷺ പറഞ്ഞു: തൊഴിലാളിയുടെ വിയർപ്പ് ഉണങ്ങുന്നതിന് മുമ്പ് തന്നെ നിങ്ങൾ അവന് അവന്റെ കൂലി നല്കുക.

۔(ابن ماجہ کتاب الرھون باب اجر الاجراء)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 728)۔

عَنْ اَبِیْ هُرَيْرَةَ رَضِیَ اللهُ عَنْهُ قَالَ: قَالَ رَسُوْلُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: قَالَ اللهُ تَعَالٰى ثَلَاثَةٌ اَنَا خَصْمُهُمْ يَوْمَ الْقِيَامَةِ، رَجُلٌ اَعْطٰى بِیْ ثُمَّ غَدَرَ وَرَجُلٌ بَاعَ حُرًّا فَاَكَلَ ثَمَنَهٗ وَرَجُلٌ اسْتَاْجَرَ اَجِيْرًا فَاسْتَوْفٰى مِنْهُ وَلَمْ يُعْطِهٖ اَجْرَهٗ۔

ഹദ്റത്ത് അബൂഹുറൈറ ؓ നിവേദനം ചെയ്യുന്നു: നബി തിരുമേനി ﷺ പറഞ്ഞു: അല്ലാഹു പറയുന്നു: മൂന്ന്

**ശേഷം പേജ് 25 ൽ**

# വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ:

## സ്നേഹം, വാത്സല്യം, സമാധാനം, അനുരഞ്ജനം

**ചർച്ചിനോ മറ്റേതെങ്കിലും ആരാധനാലയത്തിനോ സുരക്ഷ ആവശ്യമായി വരുന്ന പക്ഷം അവരോടൊപ്പം തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുന്നവരായി അവർ ഞങ്ങളെ കാണുന്നതാണ്. വൻദുരന്തങ്ങളുണ്ടാക്കുന്ന ഈ ആയുധങ്ങളുടെ സ്ഫോടനമുണ്ടായാൽ, തങ്ങൾക്കേൽപ്പിച്ച ഈ അപരിഹാര്യ വൈകല്യത്തിന് ഭാവി തലമുറ ഒരിക്കലും നമുക്ക് മാപ്പു തരില്ല. ദൈവം സ്ഥാപിച്ച പ്രകൃതി സന്തുലനത്തിന് വിഘാതം സൃഷ്ടിക്കുക വഴി ഉന്മൂല നാശത്തിലേക്കാണ് അവരുടെ പോക്കെന്ന് ലോകത്തെ മുഴുവൻ അറിയിക്കുവാൻ ഞാൻ താങ്കളെ ഉദ്ബോധിപ്പിക്കുന്നു.**

### മാർപ്പാപ്പയ്ക്ക് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവിന്റെ ചിന്തോദ്ദീപകമായ കത്ത്.

*(അവലംബം: ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും)*

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നിലവിലെ ആഗോള നേതാവായ സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്, ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഖലീഫയായി അവരോധിതനായ ഉടൻ തന്നെ, ലോകത്തെ ആഗോള നാശത്തിൽ നിന്നും വിനാശത്തിൽ നിന്നും രക്ഷിക്കുന്നതിനെക്കുറിച്ച് ചിന്താകുലനായിരുന്നു. ഇതിനായി, ഭാവിയിലെ ഭീകരമായ അപകടങ്ങളെക്കുറിച്ച് അദ്ദേഹം ലോകമെമ്പാടുമുള്ള വികസിത രാജ്യങ്ങളുടെ സഭകളിൽ നിരന്തരമായ ആശങ്കയും വേദനയും നിറഞ്ഞ തന്റെ ആത്മീയ ശബ്ദം ഉയർത്തി കൊണ്ടിരിക്കുന്നു. ആഗോള നേതാക്കൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളാൽ അലംകൃതമായ കത്തുകളിലൂടെ അദ്ദേഹം ഓർമ്മിപ്പിക്കുന്നത് വരാനിരിക്കുന്ന ഭീകരമായ ദിവസങ്ങൾ കണക്കിലെടുത്ത് അവർ അവരവരുടെ മേഖലകളിൽ ലോക സമാധാനത്തിനായുള്ള ശ്രമങ്ങൾ വേഗത്തിലാക്കണം എന്നാണ്.

ബ്രിട്ടീഷ് പാർലമെന്റ്, ജർമനിയിലെ മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സ്, അമേരിക്കയിലെ കാപ്പിറ്റോൾ ഹിൽ വാഷിംഗ്ടൺ ഡി. സി., യൂറോപ്യൻ പാർലമെന്റ്, ന്യൂസിലൻഡ് ദേശീയ പാർലമെന്റ്, ഡച്ച് ദേശീയ പാർലമെന്റ് എന്നിവിടങ്ങളിൽ അദ്ദേഹം പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ, നിരവധി സമാധാന സമ്മേളനങ്ങളിൽ അദ്ദേഹം തന്റെ ഉൾക്കാഴ്ചയുള്ള പ്രഭാഷണങ്ങൾ നല്കിയിട്ടുണ്ട്. ഇതിനുപുറമെ, ലോകസമാധാനം സ്ഥാപിക്കുന്നതിനായി ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം നിരവധി ആഗോള നേതാക്കൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ഇസ്രായേൽ പ്രധാനമന്ത്രി, ഇറാൻ ഇസ്‌ലാമിക് റിപ്പബ്ലിക് പ്രസിഡന്റ്, അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ്, സൗദി അറേബ്യയിലെ രണ്ട് വിശുദ്ധ ഹറമുകളുടെ സംരക്ഷകനായ രാജാവ്, ചൈനീസ് റിപ്പബ്ലിക് പ്രധാനമന്ത്രി, ബ്രിട്ടീഷ് പ്രധാനമന്ത്രി, ജർമ്മൻ ചാൻസലർ, ബ്രിട്ടീഷ് രാജ്ഞി, ഫ്രഞ്ച് റിപ്പബ്ലിക് പ്രസിഡന്റ്, റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ്, മാർപ്പാപ്പ ബെനഡിക്ട് പതിനാറാമൻ എന്നിവർ അതിൽ ഉൾപ്പെടുന്നു.

2011ൽ ക്രൈസ്തവരുടെ ആത്മീയ നേതാവായ മാർപ്പാപ്പ ബെനഡിക്ട് പതിനാറാമന് അദ്ദേഹം അയച്ച കത്ത്, 'ബദർ' മാസികയിലെ വായനക്കാർക്ക് പ്രയോജനകരമാകുന്നതിനായി അതിന്റെ പൂർണ്ണ രൂപത്തിൽ ഇവിടെ നൽകുന്നു. ഈ കത്ത് വായിക്കുമ്പോൾ നിങ്ങൾക്കനുഭവപ്പെടുക ആഗോള നേതാക്കളിൽ പലരും ഇതിന്റെ പ്രാധാന്യം തിരിച്ചറിയാതെ അത് അനവസരത്തിലുള്ള ശബ്ദമായി കണക്കാക്കിയ സമയത്ത് പോലും, അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇമാമായ അദ്ദേഹം, വരാനിരിക്കുന്ന ആഗോള ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നു. എന്നാൽ ഇന്ന്, ഞങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ഈ കത്ത് പുനപ്രസിദ്ധീകരിക്കുന്ന ഈ വേളയിൽ, ലോകം ആ വിനാശത്തെ തങ്ങളോട് വളരെ സമീപസ്ഥമായി അനുഭവിക്കുന്നു.

അതുകൊണ്ട്, ഈ ആത്മീയ ശബ്ദത്തിന് ചെവികൊടുക്കേണ്ടത് അത്യാവശ്യമാണ്. എല്ലാ മനുഷ്യരും പ്രത്യേകിച്ച് എല്ലാ അഹ്‌മദികളും ഈ ദുരന്തത്തിന്റെ ഭീകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് അവരവരുടെ മേഖലകളിൽ എല്ലാ മനുഷ്യരെയും അറിയിക്കണം. ഹസൂർ അൻവറിന്റെ വാക്കുകളിൽ ഈ സന്ദേശം നല്കണം: മനുഷ്യവർഗം അവരുടെ സ്രഷ്ടാവിനെ തിരിച്ചറിയുക, കാരണം മനുഷ്യരാശിയുടെ സംരക്ഷണത്തിനുള്ള ഉറപ്പ് ഈ ഒരൊറ്റ കാര്യത്തിൽ മാത്രമാണ്. (പത്രാധിപർ)

**(കത്തിന്റെ പരിഭാഷ)**

സമാദരണീയനായ പോപ്പ് ബെനഡിക്ട് പതിനാറാമൻ,

സർവശക്തനായ അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും താങ്കളുടെ മേൽ ഉണ്ടാകുമാറാകട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു.

ആഗോള അഹ്‌മദിയ്യാ പ്രസ്ഥാനത്തിന്റെ ആത്മീയ നേതാവെന്ന നിലയിൽ വിശുദ്ധഖുർആന്റെ ഈ സന്ദേശം ഞാൻ താങ്കളെ അറിയിക്കുകയാണ്:

**'പറയുക ഓ ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് അല്ലാഹുവല്ലാതെ നാം ആരെയും ആരാധിക്കുകയില്ലെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും ഉള്ള തത്വത്തിലേക്ക് വരുക.'** (3:65)

ഇസ്‌ലാം ലോക ഭീഷണിയുടെ നിഴലിലാണിപ്പോൾ. നിന്ദ്യമായ പല ആരോപണങ്ങൾക്കും അത് കുറിമാനമായിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെക്കുറിച്ച് വിശകലനം ചെയ്യാതെയാണ് പലരും ആരോപണങ്ങൾ ഉന്നയിക്കുന്നത്. നിർഭാഗ്യവശാൽ, ചില മുസ്‌ലിം സംഘടനകൾ പോലും സ്ഥാപിത താത്പര്യങ്ങൾക്കായി ഇസ്‌ലാമിനെ വളരെ മോശമായി ചിത്രീകരിച്ചിട്ടുണ്ട്. തത്ഫലമായി പാശ്ചാത്യരിലും അമുസ്‌ലിം രാജ്യങ്ങളിലും ജനഹൃദയങ്ങളിൽ മുസ്‌ലീങ്ങളോടുള്ള അവിശ്വാസം വർധിച്ചു വരുകയാണ്. എത്രത്തോളമെന്നാൽ, ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവർ പോലും ഇസ്‌ലാം മതസ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് നബിﷺ ക്കെതിരിൽ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നു.

മനുഷ്യനെ ദൈവത്തോടടുപ്പിക്കുകയും മാനവീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നതാണ് മതങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം. മറ്റുള്ളവരുടെ അവ

കാശങ്ങൾ പിടിച്ചു പറിക്കണമെന്നോ അവരോട് ക്രൂരമായി പെരുമാറണമെന്നോ മതഗുരുക്കൻമാരാരും തന്നെ തങ്ങളുടെ അനുയായികളെ പഠിപ്പിച്ചിട്ടില്ല. ആയതിനാൽ, വഴിപിഴച്ച ഒരു ചെറിയ വിഭാഗം മുസ്‌ലീങ്ങളുടെ പ്രവർത്തനങ്ങളെ ഇസ്‌ലാമിനെയും അതിന്റെ ദിവ്യസ്ഥാപകരെയും അവഹേളിക്കാനുള്ള ഒഴികഴിവായി കാണരുത്. എല്ലാ മതഗുരുക്കന്മാരെയും ബഹുമാനിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഈസാനബി ഉൾപ്പെടെ, ബൈബിളിലും ഖുർആനിലും പരാമർശിക്കപ്പെട്ട എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കാൻ ഒരു മുസ്‌ലിം കല്പിക്കപ്പെട്ടിരിക്കുന്നതും ഇക്കാരണത്താലാണ്. ഹദ്റത്ത് മുഹമ്മദ് നബിﷺയുടെ വിനീത സേവകരാണ് ഞങ്ങൾ. അതുകൊണ്ടു തന്നെ ആ ദിവ്യാത്മാവിന് നേരെയുള്ള അധിക്ഷേപം ഞങ്ങളെ തീർത്തും ദുഖിപ്പിച്ചിരിക്കുകയാണ്. പക്ഷേ, ആ ദിവ്യാത്മാവിന്റെ ഉത്കൃഷ്ട ഗുണങ്ങൾ ലോകത്തിന് നിരന്തരം സമർപ്പിച്ചുകൊണ്ടും വിശുദ്ധ ഖുർആന്റെ മനോഹരമായ അധ്യാപനങ്ങൾ ലോകത്ത് വെളിപ്പെടുത്തിയുമാണ് ഞങ്ങൾ പ്രതികരിക്കുന്നത്.

ഒരാദർശത്തിൽ വിശ്വസിക്കുന്ന ഒരുവൻ ശരിയായ രീതിയിൽ അതനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ അതിന് കുറ്റക്കാരൻ ആ വ്യക്തി തന്നെയാണ്; ആദർശമല്ല. ഇസ്‌ലാം എന്ന പദത്തിനർഥം സമാധാനം, സ്നേഹം, സുരക്ഷ എന്നിങ്ങനെയാണ്. മതത്തിൽ യാതൊരു ബലപ്രയോഗവും ഇല്ലെന്നാണ് വിശുദ്ധഖുർആൻ വ്യക്തമായും അനുശാസിക്കുന്നത്. വിശുദ്ധ ഖുർആൻ ആദ്യം മുതൽ അവസാനം വരെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രഞ്ജിപ്പിന്റെയും ത്യാഗമനോഭാവത്തിന്റെയും പാഠങ്ങളാണ് നല്കുന്നത് ഭയഭക്തി അവലംബിക്കാത്തവൻ ദൈവത്തിൽ നിന്നും ദൂരപ്പെട്ടവനാണെന്നും ഇസ്‌ലാമുമായി അവന് യാതൊരു ബന്ധവുമില്ലെന്നും ആ ദിവ്യഗ്രന്ഥം പ്രസ്താവിക്കുന്നു. ആയതിനാൽ, ഇസ്‌ലാമിനെ അത് രക്തചൊരിച്ചിലിന്റെയും തീവ്രവാദത്തിന്റെയും മതമായി ആരെങ്കിലും ചിത്രീകരിക്കുന്നുണ്ടെങ്കിൽ അതിന് യഥാർഥ ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.

യഥാർഥ ഇസ്‌ലാമിനെ മാത്രമാണ് അഹ്മദിയ്യാ പ്രസ്ഥാനം പ്രയോഗവത്കരിക്കുന്നത്. ദൈവത്തിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടാണ് അവർ പ്രവർത്തിക്കുന്നതും. ചർച്ചിനോ മറ്റേതെങ്കിലും ആരാധനാലയത്തിനോ സുരക്ഷ ആവശ്യമായി വരുന്ന പക്ഷം അവരോടൊപ്പം തോളോടു തോൾ ചേർന്ന് പ്രവർത്തിക്കുന്നവരായി അവർ ഞങ്ങളെ കാണുന്നതാണ്. പള്ളികളിൽ നിന്നും മുഴങ്ങുന്ന സന്ദേശം ഇതു മാത്രമാണ്; 'അല്ലാഹു വലിയവനാണ്, ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ല, മുഹമ്മദ്ﷺ അല്ലാഹുവിന്റെ ദൂതനാകുന്നു എന്നു ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു'.

തങ്ങൾ ബുദ്ധിശാലികളും വിദ്യാസമ്പന്നരും സ്വതന്ത്രരുമായതിനാൽ മതഗുരുക്കന്മാരെ അവഹേളിക്കുകയും അധിക്ഷേപിക്കുകയും ആവാമെന്ന ചിലയാളുകളുടെ വിചാരമാണ് ലോക സമാധാനം തകർത്തുകളയുന്നതിൽ മുഖ്യ പങ്ക് വഹിച്ചത്. സമൂഹത്തിൽ ശാന്തി നിലനിർത്തുന്നതിനായി മനുഷ്യഹൃദയത്തിൽ നിന്ന് ശത്രുതാ മനോഭാവം ഇല്ലായ്മ ചെയ്യുകയും സഹിഷ്ണുതയുടെ നിലവാരം ഉയർത്തുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാണ്. നാം അന്യോന്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രവാചകരുടെ മാന്യതയ്ക്കായി നില കൊള്ളേണ്ട സമയമാണിത്. ലോകം അശാന്തിയിലൂടെയും അസ്വസ്ഥതകളിലൂടെയുമാണ് കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ചുറ്റുപാട് സൃഷ്ടിച്ച് ഭയവും ഉത്കണ്ഠയും മാറ്റിനിർത്തുകയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം നമുക്കു ചുറ്റും വ്യാപിപ്പിക്കുകയും മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം ഐക്യത്തിന്റെ അതിമഹത്തായ വിഹായസ്സിൽ വിഹരിക്കാൻ പഠിക്കുകയും മാനവിക മൂല്യങ്ങൾ അംഗീകരിക്കുകയും ചെയ്യുക എന്നതാണ് ഈ അവസ്ഥ നമ്മോട് ആവശ്യപ്പെടുന്നത്.

ഇന്ന് ലോകത്ത് ചെറിയ തോതിലുള്ള യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതേ സമയം, വൻശക്തികൾ മറ്റു രാജ്യങ്ങളിൽ സമാധാന സംസ്ഥാപനത്തിനുള്ള യത്നത്തിലാണെന്നു വാദിക്കുകയും ചെയ്യുന്നു. പുറമേ നമ്മോടൊന്നു പറയപ്പെടുന്നുവെങ്കിലും അരങ്ങിന് പിന്നിൽ രഹസ്യമായി അവരുടെ നയങ്ങളും മുൻഗണനകളുമാണ് നിവർത്തിക്കപ്പെടുന്നതെന്നത് ഇന്നാർക്കും അറിയാത്തതല്ല. ഈ അവസ്ഥയിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധിക്കുമോ എന്നതാണ് പ്രശ്നം. വളരെ വ്യസനത്തോടെത്തന്നെ പറയട്ടെ, ലോകത്തെ സമകാലിക സംഭവങ്ങൾ ഒന്നെടുത്തു നിരീക്ഷിച്ചാൽ, മറ്റൊരു ലോകമഹായുദ്ധത്തിനുള്ള അസ്തിവാരം നേരത്തെ തന്നെ ഇട്ടിരിക്കുന്നതായി കാണാം. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം നീതിയിലധിഷ്ഠിതമായ മാർഗമവലംബിച്ചിരുന്നുവെങ്കിൽ, യുദ്ധത്തിന്റെ എരിതീയിലേക്ക് വീണ്ടുമെത്തിച്ച സമകാലിക സംഭവങ്ങൾക്ക് നാം സാക്ഷിയാകുമായിരുന്നില്ല. ഇതിന്റെ അനന്തരഫലമെന്നോണം, ധാരാളം രാജ്യങ്ങൾ അണ്വായുധം ആർജിച്ചിരിക്കുകയാണ്. ശത്രുതയും വിദ്വേഷവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു നാശത്തിന്റെ വക്കിലെത്തിയിരിക്കുകയാണ് ലോകം. വൻദുരന്തങ്ങളുണ്ടാക്കുന്ന ഈ ആയുധങ്ങളുടെ സ്ഫോടനമുണ്ടായാൽ, തങ്ങൾക്കേൽപ്പിച്ച ഈ അപരിഹാര്യ വൈകല്യത്തിന് ഭാവി തലമുറ ഒരിക്കലും നമുക്ക് മാപ്പു തരില്ല. ലോകം സ്രഷ്ടാവിന്റെയും സൃഷ്ടികളുടെയും അവകാശങ്ങളിലേക്ക് ശ്രദ്ധ തിരിക്കാൻ ഇനിയും വൈകിയിട്ടില്ല.

ലോകത്തിന്റെ പുരോഗതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെക്കാൾ അതിനെ നാശത്തിൽ നിന്നും രക്ഷിക്കേണ്ടുന്ന പരിശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണ് അനിവാര്യവും അതിപ്രധാനവും ആയ കാര്യമെന്ന് ഞാൻ വിശ്വസിക്കുന്നു. മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞേ പറ്റൂ എന്തുകൊണ്ടെന്നാൽ, മനുഷ്യസമുദായത്തിന്റെ അതിജീവനത്തിന് ജാമ്യമാകാൻ അതിലൂടെ മാത്രമേ കഴിയൂ. അല്ലാത്തപക്ഷം, ലോകം ദ്രുതഗതിയിൽ ആത്മ നാശത്തിലേക്ക് വഴിപ്പെടുന്നതാണ്.

സമാധാനം വിജയകരമായി സ്ഥാപിക്കാൻ യഥാർഥത്തിൽ മനുഷ്യൻ ഇന്നാഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരെ പഴിചാരുന്നതിന് പകരം തന്റെയുള്ളിൽ തന്നെയുള്ള ചെകുത്താനെ നിയന്ത്രിക്കുകയാണ് വേണ്ടത്. എല്ലാ തിന്മകളും വർജ്ജിച്ചുകൊണ്ട് അവൻ നീതിയുടെ ഒന്നാം തരം മാതൃക കാഴ്ച വയ്ക്കട്ടെ. ഞാൻ വീണ്ടും വീണ്ടും ലോകത്തെ ഓർമ്മിപ്പിക്കുകയാണ്, മറ്റുള്ളവരോടുള്ള അതിരുകവിഞ്ഞ ശത്രുത മാനവിക മൂല്യങ്ങളെ പൂർണമായും അപഹരിച്ചു കൊണ്ടിരിക്കുകയാണ്. ഇത് അവരെ നാശത്തിലേക്കേ നയിക്കൂ.

തങ്കളുടെ അഭിപ്രായം ലോകത്ത് സ്വാധീനം ചെലുത്തുന്നതാണല്ലോ. അതുകൊണ്ട് ദൈവം സ്ഥാപിച്ച പ്രകൃതി സന്തുലനത്തിന് വിഘാതം സൃഷ്ടിക്കുക വഴി ഉന്മൂല നാശത്തിലേക്കാണ് അവരുടെ പോക്കെന്ന് ലോകത്തെ മുഴുവൻ അറിയിക്കുവാൻ ഞാൻ താങ്കളെ ഉദ്ബോധിപ്പിക്കു

ന്നു. ഈ സന്ദേശം, മുമ്പത്തെക്കാളുപരി വിപുലവും വിശാലവും കൂടുതൽ പ്രാമുഖ്യത്തോടും കൂടി എത്തിക്കേണ്ടതുണ്ട്.

ലോകത്തുള്ള മതങ്ങൾക്കെല്ലാം തന്നെ സൗഹാർദത്തിന്റെ ആവശ്യമാണുള്ളത്. സ്നേഹവും സാഹോദര്യവും സംജാതമാക്കുകയാണ് ഭൂമിയിലെ ജനങ്ങൾക്കാവശ്യം.

നാമെല്ലാവരും നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും സ്നേഹവും സമാധാനവും സ്ഥാപിക്കുകയും ലോകസ്രഷ്ടാവിനെ തിരിച്ചറിയുന്നതിൽ ഭാഗഭാക്കാവുകയും ചെയ്യുന്നവരാകട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. ഈ നാശത്തിൽ നിന്നും രക്ഷിക്കാൻ ഞങ്ങൾ എപ്പോഴും ദൈവത്തോട് പ്രാർഥിക്കുന്നു. നമ്മെ കാത്തിരിക്കുന്ന നാശത്തിൽ നിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ.

വിശ്വസ്തതയോടെ
**മിർസാ മസ്‌റൂർ അഹ്‌മദ്**
*ഖലീഫത്തുൽ മസീഹ്*
*ആഗോള അഹ്‌മദിയ്യാ മുസ്‌ലിം*
*ജമാഅത്തിന്റെ തലവൻ*
31/10/2011
(പേജ്: 157-160)

## ആഗോള സമാധാനത്തിനും ദേശീയ ഐക്യത്തിനും മതങ്ങളുടെ ക്രിയാത്മക പങ്ക്

*അവലംബം: ഇസ്‌ലാമും സമകാലിക പ്രശ്നങ്ങളും,*
*രചന: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്*(റഹ്)

ആ മഹാത്മാവ് പറയുന്നു: മതം സമാധാനം സ്ഥാപിക്കുന്നതിൽ പ്രബലമായ ഒരു പങ്ക് വഹിക്കേണ്ടതുണ്ട്. വിവിധ മതങ്ങളുടെയും മതവിഭാഗങ്ങളുടെയും അനുയായികൾ തമ്മിലുള്ള തെറ്റിദ്ധാരണകൾ തീർക്കേണ്ടതുണ്ട്. മനുഷ്യനിൽ സഭ്യമായ പെരുമാറ്റം വളർത്തിയെടുക്കുക, ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക എന്ന തത്ത്വവും മതങ്ങൾ പ്രയുക്തമാക്കേണ്ടതുണ്ട്. നിർഭാഗ്യകരമെന്ന് പറയട്ടെ, സമകാലീന ലോകത്ത് സമാധാനം സംസ്ഥാപിക്കുന്നതിൽ മതം വളരെ നിസ്സാരമായ ഒരു പങ്കാണ് വഹിക്കുന്നത്. മാത്രമല്ല, അരാജകത്വവും രക്തച്ചൊരിച്ചിലും സൃഷ്ടിക്കുകയും നിതാന്തമായ ദുരിതങ്ങൾക്കും യാതനകൾക്കും കാരണമാകുകയും ചെയ്യുന്ന ശക്തമായ ഒരു ധാരയായി മതം ഇപ്പോഴും നിലകൊള്ളുന്നു. അതിന്റെ അളവ് എത്രയാണെന്ന് ഇപ്പോഴും തിട്ടപ്പെടുത്താനായിട്ടില്ല. ഈയൊരു സജീവമായ പ്രശ്നത്തെ അഭിമുഖീകരിക്കാതെയോ അതിന്റെ പിഴവുകൾ തിരുത്താതെയോ ലോകസമാധാനം സാക്ഷാത്ക്കരിക്കാൻ സാധ്യമല്ല.

മതത്തിനകത്തു തന്നെ ആഭ്യന്തരമായി മതവികാരങ്ങൾ അതിശക്തമായി ഉത്തേജിപ്പിക്കപ്പെട്ടേക്കാം. മതത്തിനകത്തുള്ള ഒരു വിഭാഗത്തിന് അത് യാതനകളും ദുരിതങ്ങളും സമ്മാനിക്കുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇതെല്ലാം വന്നു ഭവിക്കുന്നത് ആ മതത്തിലെ ന്യൂനപക്ഷീയരായ ഒരു വിഭാഗത്തിലായിരിക്കും.

സമാധാനത്തിന്റെ മതമായ ഇസ്‌ലാം, അതിൽ ചരിത്രത്തിലുട നീളം സ്വന്തം വിശ്വാസത്തിൽ തന്നെയുള്ള നിരപാധികളായവരുടെ സമാധാന ജീവിതം തകർത്തുകളഞ്ഞ വൃത്തികെട്ടതും നിന്ദാകരവുമായ കഥകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അങ്ങനെ സമാധാന ജീവിതം തകർക്കപ്പെട്ടവരാകട്ടെ, തീർച്ചയായും നിരപരാധികളായ ഇസ്‌ലാംമത വിശ്വാസികൾ തന്നെ. ഇസ്‌ലാമിൽ വിശ്വസിച്ച പ്രസ്തുത ന്യൂനപക്ഷ മതവിഭാഗം ബാക്കി ഭൂരിപക്ഷ മുസ്‌ലീങ്ങളുടെ മാർഗത്തിലും ശൈലിയിലുമുള്ളവരല്ല എന്ന് മാത്രം. വാസ്തവത്തിൽ ഇസ്‌ലാമിക ചരിത്രം പരിശോധിക്കുമ്പോൾ അണുമണിത്തൂക്കം സംശയത്തിനിടയില്ലാത്ത വിധം മുസ്‌ലീങ്ങളെ തന്നെ അത് പീഡിപ്പിച്ചിരുന്നുവെന്ന് നമുക്ക് തെളിയിക്കാനാവും. കുരിശുയുദ്ധക്കാരോട് മുസ്‌ലീങ്ങൾ വിശുദ്ധയുദ്ധം നടത്തിയിട്ടുണ്ട്. അതിൽ മരിച്ചൊടുങ്ങിയവരേക്കാൾ എത്രയോ മടങ്ങ് അധികം മുസ്‌ലീങ്ങളെ തന്നെ കഴിഞ്ഞ പതിനാല് ശതവത്സരക്കാലത്തിനിടയിൽ കൊന്നൊടുക്കിയിട്ടുണ്ട്. ഈ അധ്യായം ഇനിയും അവസാനിച്ചിട്ടില്ല. പാകിസ്താനിൽ അഹ്‌മദികൾക്കെതിരെ സംഭവിക്കുന്നത് അതാണ്. അതുപോലെ വർഷങ്ങൾക്കുമുമ്പ് കെട്ടടങ്ങിയ ശിയാ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ഹീനമായ അതിക്രമങ്ങളും ഇപ്പോൾ പാകിസ്താനിൽ ഇടക്കിടെ പൊട്ടിപ്പുറപ്പെടുന്നു. ഇത് ശ്രദ്ധയർഹിക്കുന്ന ഒന്നാണ്.

ക്രിസ്തുമതത്തിൽ ക്രിസ്ത്യാനികൾക്കെതിരെ ക്രിസ്ത്യാനികൾ തന്നെ നടത്തിയ പീഡനങ്ങൾ യൂറോപ്പിന്റെയും അമേരിക്കയുടെയും ചരിത്രത്തിൽ കുഴിച്ചുമൂടപ്പെട്ടതും തീർത്തും വിഭിന്നമായതുമായയൊരു കാര്യമായി തോന്നിയേക്കാം. പക്ഷേ, അയർലണ്ടിൽ ഇപ്പോൾ കാണുന്ന മതസാമൂഹിക സംഘർഷങ്ങളുടെ പഠനങ്ങൾ മറ്റൊന്നാണ് സൂചിപ്പിക്കുന്നത്. ലോകത്തിലെ മറ്റു ഭാഗങ്ങളിൽ ക്രിസ്തുമതത്തിലും വിഭാഗീയമായ സംഘർഷങ്ങളുടെ സ്ഫോടനാത്മകമായ അപകട സാധ്യതയുണ്ട്. ഇപ്പോൾ അത് സംഘർഷങ്ങളും പകയുമായിട്ടാണ് നിലകൊള്ളുന്നത്.

മതാന്തരീയബന്ധങ്ങളിൽ ഇന്ത്യയിലെ ഹിന്ദുമുസ്‌ലിം കലാപങ്ങൾ, നൈജീരിയയിലെ മുസ്‌ലിം സംഘട്ടനങ്ങൾ അങ്ങനെ എല്ലായിടത്തും സംഘർഷങ്ങളുണ്ട്. സാമ്പത്തികവും രാഷ്ട്രീയവുമായ അടിയൊഴുക്കുകളുള്ള യഹൂദ ക്രൈസ്തവ ബന്ധം സ്ഫോടനാത്മകമായ അഗ്നിപർവതത്തിനിടയിലെ ഉറങ്ങിക്കിടക്കുന്ന അപകടം പോലെ നേരിയ അടയാളങ്ങൾ നല്കി മതലോകത്ത് പതുങ്ങിയിരിപ്പുണ്ട്.

അത്തരം പ്രശ്നങ്ങൾക്ക് നേരെയുള്ള സമീപനം പരിഷ്ക്കരിക്കേണ്ടതിന്റെ പ്രാധാന്യത്തിന് കൂടുതൽ ഊന്നൽ നല്കപ്പെടുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇസ്‌ലാമിക സമീപനം സംഗ്രഹിച്ചു പറയുമ്പോൾ നമുക്ക് കണ്ടെത്താവുന്ന നിഗമനങ്ങൾ ഇവയാണ്.

1. ലോകത്തിലെ എല്ലാ മതങ്ങളും അവർ ഇസ്‌ലാമിൽ വിശ്വസിക്കുന്നവരാകട്ടെ, അല്ലാത്തവരാകട്ടെ, അവർ ഇസ്‌ലാമിന്റെ അന്തർധാരയായി വർത്തിക്കുന്ന ഈ സിദ്ധാന്തം അനുവർത്തിക്കേണ്ടതുണ്ട്. അതായത് മതത്തിനകത്തുള്ള വിഭാഗീയ പ്രശ്നങ്ങളും മതങ്ങൾ തമ്മിലുള്ള മതാന്തരീയ പ്രശ്നങ്ങളും പരിഹരിക്കാൻ യാതൊരു വിധത്തിലും ബലവും ശക്തിയും പ്രയോഗിക്കാൻ പാടില്ല എന്നതാണ് ആ ഇസ്‌ലാമിക സിദ്ധാന്തം. ഏതു മതവും തിരഞ്ഞെടുക്കാനും അത് പ്രഖ്യാപിക്കാനും പ്രചരിപ്പിക്കാനും ആചരിക്കാനും കൊണ്ടു നടക്കാനും മതവിശ്വാസം ഉപേക്ഷിക്കാനും അത് മാറാനും പൂർണവും കേവലവുമായ സംരക്ഷണവും സ്വാതന്ത്ര്യവും തീർച്ചയായും ഉണ്ടായിരിക്കണം.

2. സാർവത്രിക സത്യത്തെപ്പറ്റിയുള്ള ഇസ്‌ലാമിക സങ്കൽപം മറ്റു മതങ്ങൾ അംഗീകരിച്ചില്ലെങ്കിൽ പോലും ജൂത, ക്രൈസ്തവ, ബൗദ്ധ, കൺഫ്യൂഷസ്, ഹിന്ദു, സൊറോസ്ട്രിയൻ മതങ്ങളുടെ വീക്ഷണകോണിൽ മറ്റു മതങ്ങളെല്ലാം വ്യാജമാണ്. അതിന് ദൈവവുമായി യാതൊരു ബന്ധവുമില്ല. ഇങ്ങനെ അപര മതങ്ങളെപ്പറ്റി സർവത്ര നിഷേധാത്മക സമീപനമാണുള്ളത്. അതിനാൽ ഇസ്‌ലാമിക

തത്ത്വങ്ങൾക്കനുസൃതമായിക്കൊണ്ട് മറ്റു മതങ്ങളുടെ സ്ഥാപകന്മാരോടും അവരുടെ ദിവ്യപുരുഷന്മാരോടും ആദരവും ബഹുമാനവും കാട്ടേണ്ടിയിരിക്കുന്നു. അതിനായി അവരുടെ ആദർശങ്ങളുമായി സന്ധി ചെയ്യേണ്ടതില്ല. അത് തികച്ചും ലളിതമായ മനുഷ്യാവകാശത്തിന്റെ പ്രശ്നമാണ്. മതപരമായ വികാരവും ഭാവുകത്വവും വ്രണപ്പെടരുത് എന്നത് എല്ലാ ഓരോരുത്തരുടേയും മൗലികാവകാശത്തിൽപ്പെട്ടതാണ്. അപ്രകാരം അതിനു നേരെയുള്ള ആക്രമണം തിരിച്ചറിയപ്പെടുകയും വേണം.

3. മേൽപ്രസ്താവിച്ച തത്ത്വം ദേശീയമോ അന്തർദേശീയമോ ആയ ഏതെങ്കിലും നിയമം കൊണ്ട് പ്രാബല്യത്തിലാക്കാൻ സാധ്യമല്ല എന്നു നാം ഓർക്കണം. മതനിന്ദക്ക് മനുഷ്യകരങ്ങളാലുള്ള ശിക്ഷയില്ല എന്ന തത്ത്വത്തിലായിരിക്കണം ഇത് നടപ്പാക്കേണ്ടത്. മതനിന്ദ മാന്യതക്ക് നിരക്കാത്തതും ജുഗുപ്സാവഹവും വിവേക ശൂന്യവുമായ പ്രവൃത്തിയാണെന്ന് പൊതുജനാഭിപ്രായം രൂപികരിച്ചുകൊണ്ട് അപലപിക്കപ്പെടുകയും നിരുത്സാഹപ്പെടുത്തപ്പെടു കയും വേണം.

4. അഹ്മദിയ്യാ മുസ്‌ലിം സമൂഹം മതാന്തര സൗഹൃദ സമ്മേളനങ്ങൾ ഈ നൂറ്റാണ്ടിന്റെ (20ാം നൂറ്റാണ്ട്) ആദ്യ ദശകങ്ങളിൽ സംഘടിപ്പിക്കാനാരംഭിച്ചു. ഇതിന് വമ്പിച്ച സ്വീകാര്യതയും പ്രോത്സാഹനവുമാണ് ലഭിച്ചത്. ഇത്തരം മതസൗഹാർദ സമ്മേളനങ്ങളുടെ ജീവനും ചൈതന്യവും താഴെ കാണുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്നതാണെന്നു സംക്ഷേപിച്ച് പറയാം.

**A)** എല്ലാ പ്രഭാഷകന്മാരും മറ്റു മതങ്ങളെ അധിക്ഷേപിക്കാതെ താന്താങ്ങളുടെ മതത്തിന്റെ നല്ല വശങ്ങളും ആകർഷണീയവും സവിശേഷവുമായ പ്രത്യേകതകളും എടുത്തു കാട്ടണം.

**B)** തീർച്ചയായും ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്ന പ്രഭാഷകന്മാർ അപരമതത്തിലെ നല്ല വശങ്ങൾ കണ്ടെത്താൻ ആത്മാർഥമായി ശ്രമിക്കുകയും എന്തുകൊണ്ടാണ് തങ്ങൾ ആ മതത്തിന്റെ നല്ല വശത്തിൽ ആകൃഷ്ടനായത് എന്ന കാര്യം വിശദീക രിക്കുകയും വേണം.

**C)** വിവിധ മതങ്ങളിലെ പ്രഭാഷകന്മാർ മറ്റു മതങ്ങളിലെ ആചാര്യന്മാരുടെ മഹത്വത്തിനും വൈശിഷ്ട്യത്തിനും സ്തുതികൾ അർപ്പിക്കണം. ഉദാഹരണത്തിന്, ഒരു യഹൂദ പ്രഭാഷകൻ എല്ലാ മനുഷ്യർക്കും അംഗീകരിക്കാവുന്ന വിശുദ്ധ പ്രവാചകനായ മുഹമ്മദ് നബിﷺയുടെ വൈശിഷ്ട്യങ്ങളെക്കുറിച്ച് പറയാവുന്നതാണ്. അങ്ങനെ പറയുന്നതിന് തങ്ങളുടെ മഹത്വങ്ങളുമായി നീക്കു പോക്കോ അയവോ വരുത്തേണ്ടതില്ല. അപ്രകാരം മുസ്‌ലിം പ്രഭാഷകൻ ശ്രീകൃഷ്ണനെ ﷺക്കുറിച്ചും ഹിന്ദു പ്രഭാഷകൻ യേശുﷺവിനെക്കുറിച്ചും ബുദ്ധമത പ്രഭാഷകൻ മോസസിനെ ﷺക്കുറിച്ചും പറയാവുന്നതാണ്. ഈ നൂറ്റാണ്ടിന്റെ (20ാം നൂറ്റാണ്ട്) മൂന്നാം ദശകത്തിൽ അഹ്മദിയ്യാ സമൂഹം സംഘടിപ്പിച്ച അത്തരം മതസൗഹാർദ സമ്മേളനങ്ങൾ ഹിന്ദു മുസ്‌ലിം ബന്ധങ്ങളിൽ വമ്പിച്ച നേട്ടങ്ങളുണ്ടാക്കുകയും അതിന് വൻപ്രചാരം ലഭിക്കുകയുമുണ്ടായി.

**D)** സി യിൽ നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ യാതൊരു മുൻവിധിയുമില്ലാതെ മതവിഭാഗങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള മതസംവാദങ്ങളുടെ പവിത്രത സംരക്ഷിക്കേണ്ടതുണ്ട്. മതാന്തര സംവാദങ്ങളും ആശയ വിനിമയങ്ങളും മതപരമായ സമാധാനം അപകടപ്പെടുത്തുന്നതിനുള്ള ഉദ്യമങ്ങളാണ് എന്നു പറഞ്ഞ് അതിനെ അപലപിക്കരുത്. സംവാദങ്ങളുടെ രീതി തെറ്റാണെങ്കിൽ അതിനെ അപലപിക്കണം. മതസംവാദത്തെയല്ല അപലപിക്കേണ്ടത്. ആശയങ്ങളുടെ സ്വതന്ത്രമായ പ്രവാഹം മനുഷ്യാവകാശങ്ങളെ സംബന്ധിച്ചേടത്തോളം ഏറ്റവും പ്രാധാന്യമേറിയതാണ്. അർഹതയുള്ളതിന്റെ അതിജീവനത്തിനും അത് അനിവാര്യമാണ്. ഒരു കാരണവശാലും അക്കാര്യത്തിൽ വിട്ടുവീഴ്ചയുണ്ടാവരുത്.

**E)** വിയോജിപ്പുകളുടെ വിടവുകൾ ചുരുക്കിക്കൊണ്ടു വരുക. യോജിപ്പുകളുടെ സാധ്യതകൾ വിശാലമാക്കുക. എല്ലാ മതങ്ങളുടെയും അനുയായികൾ മറ്റു മതസ്ഥരുമായി നടത്തുന്ന സംവാദങ്ങളിലെ ചർച്ച അതത് മതങ്ങളുടെ സ്രോതസ്സുകളിൽ പരിമിതപ്പെടുത്തേണ്ടതാണ്. എല്ലാ മതങ്ങളും ഒരേ സ്രോതസ്സിൽ നിന്നു തന്നെയാണ് ഉദ്ഭവിച്ചതെന്ന ഖുർആന്റെ പ്രഖ്യാപനം നിസ്സാരമായികരുതരുത്. അത് ജ്ഞാനത്തിന്റെ ഒരു ലോകം തന്നെ തുറന്നു തരുന്നു.

എല്ലാ മതങ്ങളും അതിന്റെ സ്രോതസ്സിൽ ഒന്നാണെന്ന് ഖുർആൻ പറഞ്ഞ വസ്തുത, അതാത് മതങ്ങളുടെ നന്മക്കും മനുഷ്യരാശിയുടെ പൊതു നന്മക്കും വേണ്ടി പരിശോധിക്കപ്പെടുകയും ഗവേഷണം ചെയ്യപ്പെടുകയും വേണം.

5. മാനവരാശിയുടെ നന്മക്കു വേണ്ടിയുള്ള എല്ലാ നല്ല ആസൂത്രണങ്ങളിലും പദ്ധതികളിലും സഹകരിക്കുകയും അതിനെ വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഉദാ: മുസ്‌ലീങ്ങൾ, ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, ജൂതന്മാർ എന്നിവർ ചേർന്നു ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെടണം.

എങ്കിൽ മാത്രമേ മാനുഷിക പ്രവർത്തനത്തിന്റെ സകല മേഖലകളിലും ഒരു കൊടിക്കീഴിൽ ഐക്യത്തോടെ അണിനിരക്കണം എന്ന ഗതകാല ദിവ്യാത്മാക്കളുടെയും ചിന്തകരുടെയും പൗരാണികമായ ഉട്ടോപ്യൻ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ സാധ്യമാകൂ. അത് മതപരമോ, സാമൂഹ്യമോ, സാമ്പത്തികമോ, രാഷ്ട്രീയമോ ആയ മേഖലകളായിരുന്നാലും ശരി. (പേജ്: 60-66 )

*സമ്പാ: കെ. താഹിർ അഹ്മദ്*

★ ★ ★


## • ഹദീഥുന്നബ്‌വിﷺ •

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

## • ഹദീഥുന്നബ്‌വിﷺ •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹു) സാമൂഹിക ഐക്യത്തിന് നല്കിയ സുവർണ നിർദേശങ്ങൾ

എച്ച്. ശംസുദ്ദീൻ കാവശ്ശേരി
(പത്രാധിപർ, ബദർ വാരിക, മലയാളം എഡിഷൻ)

ഒരു സമൂഹത്തിലെ ജനങ്ങൾക്കിടയിൽ വംശ, ഭാഷാ, മത, പ്രാദേശിക വൈജാത്യങ്ങൾക്ക് അതീതമായ ഐക്യവും, സൗഹൃദവും, പരസ്പര ധാരണയുമാണ് സാമൂഹിക ഐക്യം എന്നതുകൊണ്ടുള്ള വിവക്ഷ. ഒരു സമൂഹത്തിലെ എല്ലാ വിഭാഗക്കാരും പൊതു ലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കുകയും പരസ്പരം സന്തോഷത്തിലും സന്താപത്തിലും പങ്കുചേരുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണിത്.

ലോകത്തെവിടെയും സുസ്ഥിരമായ വികസനവും സമാധാനവും സംജാതമാക്കുന്നതിനുള്ള രഹസ്യം ഈ തത്വത്തിൽ അന്തർലീനമാണ്. ഒരു സമൂഹം ഐക്യത്തിന്റെ ബാന്ധവത്തിൽ ഒന്നിച്ചു നിൽക്കുമ്പോൾ, അവർ ആന്തരികവും ബാഹ്യവുമായ വെല്ലുവിളികളെ സധൈര്യം നേരിടാൻ കെല്പുള്ളവരായി മാറുന്നുവെന്നതാണ് യാഥാർഥ്യം. എന്നാൽ ഛിദ്രതയും ഭിന്നിപ്പുമുണ്ടാകുമ്പോൾ അവർക്കു ശക്തി ക്ഷയമുണ്ടാകുന്നു.

സാമൂഹിക ഐക്യവും നബിതിരുമേനിﷺയും സാമൂഹിക ഐക്യത്തിന് ഊന്നൽ നല്കിക്കൊണ്ട് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു:

كَانَ النَّاسُ أُمَّةً وَّاحِدَةً (البقرہ ۲۱۴)

അതായത്, എല്ലാ മനുഷ്യരും ഒരൊറ്റ സമുദായമായിരുന്നു. നിർഭാഗ്യവശാൽ, മനുഷ്യൻ ഈ സത്യം മറക്കുകയും ഭിന്നതകൾക്ക് ഇടം നല്കുകയും ചെയ്തു. അതിനാൽ, മനുഷ്യവർഗത്തെ വീണ്ടും ഒരൊറ്റ ചരടിൽ കോർത്തിണക്കാൻ വേണ്ടി, പ്രവാചക പ്രഭുവായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാﷺയെ അല്ലാഹു നിയോഗിച്ചു. അല്ലാഹു പറയുന്നു:

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ وَالْأَرْضِ لَا إِلَهَ إِلَّا هُوَ يُحْيِي وَيُمِيتُ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الْأُمِّيِّ الَّذِي يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ (الاعراف ۱۵۹)

പറയുക: അല്ലയോ ജനങ്ങളേ! ഞാൻ നിങ്ങളിലേക്കെല്ലാം അല്ലാഹുവിന്റെ ദൂതനാകുന്നു. അവന്നാണ് ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ, നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുവിൻ, എഴുത്തും വായനയുമറിയാത്ത അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ അദ്ദേഹത്തെ പിന്തുടരുക, എങ്കിൽ നിങ്ങൾക്ക് സന്മാർഗം ലഭിച്ചേക്കാം.

ഈ ലക്ഷ്യ സാഫല്യത്തിനായി, നബിതിരുമേനി ﷺക്ക് ഒരു ആഗോള ശരീഅത്ത് അതായത്, ലോകത്തിനു മുഴുവൻ താക്കീതു നല്കുന്ന വിശുദ്ധ ഖുർആൻ നല്കപ്പെട്ടു (അൽഫുർഖാൻ: 2). ഈ ഗ്രന്ഥത്തിലൂടെ ഗ്രന്ഥാനുസാരികൾക്കും അതോടൊപ്പം മുഴുവൻ മനുഷ്യരാശിക്കും ഒരു സന്ദേശം നല്കുകയുണ്ടായി, അതായത്:

قُلْ يَا أَهْلَ الْكِتَابِ تَعَالَوْا إِلَى كَلِمَةٍ سَوَاءٍ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا اللَّهَ وَلَا نُشْرِكَ بِهِ شَيْئًا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِنْ دُونِ اللَّهِ (سورہ آل عمران ٦٥)۔

നബിയേ താങ്കൾ പറയുക: ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ പൊതുവായിട്ടുള്ള ഈ വചനത്തിലേക്ക് വരുവിൻ. അതായത്, നമ്മൾ അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കുകയോ അവനോട് ഒന്നിനേയും പങ്കുചേർക്കുകയോ നമ്മളിൽ ആരും തന്നെ മറ്റാരെയും അല്ലാഹുവിനു പുറമെ രക്ഷാധികാരിയാക്കുകയോ ചെയ്യുന്നതല്ല.

നബിതിരുമേനിﷺ സാമൂഹിക ഐക്യത്തിന്റെ അത്യുന്നതമായ ഒരു മാതൃക സ്ഥാപിച്ചു. കറുത്തവരും വെളുത്തവരും, അടിമയും ഉടമയും, അറബിയും അനറബിയും എന്ന വേർതിരിവില്ലാതെ എല്ലാവരെയും ഒരേ അണിയിൽ കൊണ്ടുവന്നു.

അതുപോലെ, ഹജ്ജത്തുൽ വിദാഇന്റെ (വിടവാങ്ങൽ പ്രസംഗം) അവസരത്തിൽ, നബിതിരുമേനിﷺ തന്റെ അവസാന സന്ദേശത്തിൽ ഒരിക്കൽക്കൂടി പൊതുജനങ്ങൾക്ക് സാമൂഹിക ഐക്യത്തിന്റെ പാഠം നല്കിക്കൊണ്ട് സമുദായത്തോട് പറഞ്ഞു:

لَا فَلْيُبَلِّغِ الشَّاهِدُ مِنْكُمُ الْغَائِبَ

'ഇവിടെ സന്നിഹിതനായവൻ ഈ സന്ദേശം സന്നിഹിതരല്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ'.

۔(بخاری، کتاب العلم، باب لِيُبَلِّغِ العِلْمَ الشَّاهِدُ الغَائِبَ)

**സാമൂഹിക ഐക്യവും വാഗ്ദത്ത മസീഹുംعليه السلام**

ഈ കാലഘട്ടത്തിൽ ഇമാം മഹ്ദിയുടെ ആഗമനത്തിന്റെ യഥാർഥ ലക്ഷ്യം, സമുദായത്തെ വീണ്ടും ഒരു ഏകീകൃത സമൂഹമായി രൂപപ്പെടുത്തുക എന്നതാണ്. ഇമാം മഹ്ദിയിലൂടെ സ്ഥാപിക്കപ്പെടുന്ന ഈ വിഭാഗത്തെക്കുറിച്ച് റസൂലുല്ലാഹി ﷺ പറയുന്നു: وهى الجماعة അതായത് അത് ഒരു ജമാഅത്തായിരിക്കും. നബിതിരുമേനി ﷺ സമുദായത്തോട് ഇപ്രകാരം നിർദ്ദേശിച്ചു:

മറ്റൊരവസരത്തിൽ, അല്ലാഹു മുസ്‌ലീങ്ങൾക്ക് ഈയൊരു അധ്യാപനം നല്കി: നീതിയും ന്യായവും നിസ്സാരവും താഴേക്കിടയിലുമുള്ള നന്മ മാത്രമാണ്. നീതിയെക്കാൾ ഉപരിയായി ഇഹ്സാൻ (നന്മ) ചെയ്യണമെന്ന് ഊന്നിപ്പറഞ്ഞു. അതായത്, നിന്നോട് ഒരു നന്മയും ചെയ്യാത്തവരോടും നന്മ ചെയ്യുക. അതിലുപരിയായി, പൂർണമായ നന്മ ചെയ്യുക. ഉദാഹരണത്തിന്, ഒരു മാതാവ് തന്റെ കുട്ടിയോട് നന്മ ചെയ്യുന്നത് പോലെ. അപ്രകാരം അല്ലാഹു കല്പിച്ചു:

اِنَّ اللهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ وَالْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ۔

(النحل-٩١)

നീതിപുലർത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കന്നേപാലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചവൃത്തിയും നിഷിദ്ധകർമവും നിയമലംഘനവും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.

ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദൈവം നിങ്ങളിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യവർഗത്തോടും നീതിയോടെ പെരുമാറുക. അതിലും ഉപരിയായി, നിന്നോട് ഒരു നന്മയും ചെയ്യാത്തവരോടും നന്മ ചെയ്യുക. അതിലും ഉപരിയായി ദൈവത്തിന്റെ സൃഷ്ടികളോട് നിങ്ങൾ അവരുമായി യഥാർഥ ബന്ധുക്കളോടെന്നപോലെ സഹാനുഭൂതിയോടെ പെരുമാറുക. മാതാക്കൾ തങ്ങളുടെ കുട്ടികളോട് പെരുമാറുന്നത് പോലെ... അങ്ങനെ, നന്മയുടെ അവസാനപടി മാതാവിന്റെ പോലെയുള്ള സ്വാഭാവികമായ വാത്സല്യമാണ്. *(നൂഹിന്റെ പേടകം, റൂഹാനി ഖസാഇൻ ഭാഗം: 19, പേജ്: 30).*

കൂടാതെ അദ്ദേഹം പറഞ്ഞു: മുഴുവൻ ലോകത്തോടും നിങ്ങൾ നീതി ചെയ്യണമെന്ന് ദൈവം കല്പിക്കുന്നു. അതായത്, എത്രത്തോളം അവകാശമാണോ ഉള്ളത് അത്രത്തോളം എടുക്കുക. മനുഷ്യവർഗത്തോട് നീതിയോടെ പെരുമാറുക. അതിലും ഉപരിയായി, നിങ്ങൾ മനുഷ്യവർഗത്തോട് ഇഹ്സാൻ ചെയ്യണമെന്ന് കല്പിക്കുന്നു. അതായത് നിങ്ങൾക്ക് നിർബന്ധമല്ലാത്ത വെറും മര്യാദയുടെ അടിസ്ഥാനത്തിലുള്ള പെരുമാറ്റം കാഴ്ച വയ്ക്കുക. എന്നാൽ ഇഹ്സാനിലും ഒരു മറഞ്ഞിരിക്കുന്ന കുറവുണ്ട്. നന്മ ചെയ്യുന്നയാൾ ചിലപ്പോൾ ദേഷ്യപ്പെട്ട് താൻ ചെയ്ത നന്മയെ ഓർമ്മിപ്പിച്ചേക്കാം. അതുകൊണ്ട് ഈ ആയത്തിന്റെ അവസാനം പറഞ്ഞു: പൂർണമായ നന്മ ഇതാണ്: നിങ്ങൾ നിങ്ങളുടെ മനുഷ്യവർഗത്തോട്, ഒരു മാതാവ് തന്റെ കുട്ടിയോട് നന്മ ചെയ്യുന്നതുപോലെ നന്മ ചെയ്യുക. കാരണം ആ നന്മ കേവലം സ്വാഭാവികമായ വാത്സല്യത്തിൽ നിന്നാണ് ഉടലെടുക്കുന്നത്, ഏതെങ്കിലും പ്രതിഫലം ഉദ്ദേശിച്ചല്ല. തന്റെ ഈ നന്മയ്ക്ക് പകരമായി കുട്ടിയും എന്തെങ്കിലും നല്കണമെന്ന് മനസ്സിൽ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട്, മനുഷ്യവർഗത്തോട് ചെയ്യുന്ന നന്മയുടെ പൂർണമായ പടി, ഈ മൂന്നാം പടിയാണ്, അത് ഈതാഇ ദിൽ ഖുർബാ എന്ന വാക്കുകൊണ്ട് പ്രസ്താവിച്ചിരിക്കുന്നു. *(ചശ്മയെ മഅരിഫത്ത്, റൂഹാനി ഖസാഇൻ ഭാഗം: 23, പേജ്: 388, അവലംബം: തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്, ഭാഗം: 5, പേജ്: 84 അവലംബം).*

**അല്ലാഹുവിനോടുള്ള നീതിയെക്കുറിച്ച് ഇസ്‌ലാമിക അധ്യാപനം**

ഏകനായ ദൈവത്തോട് ഏതെങ്കിലും നിലയിൽ മറ്റൊരാളെ പങ്കുചേർക്കുന്നത് നീതിക്ക് എതിരാണ്. ഇത് നീതിയുടെ മതപരമായ വശമാണ്. അതിന് ഇസ്‌ലാമിൽ വളരെ ഊന്നൽ നല്കിയിട്ടുണ്ട്. നാം അല്ലാഹുവിനോട് പോലും അന്യായം ചെയ്യാതിരിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിനോട് നീതി ചെയ്യുക, അന്യായം ചെയ്യരുത്. ഇനി, അല്ലാഹുവിനോട് ആർക്കാണ് അന്യായം ചെയ്യാൻ കഴിയുക? നമ്മുടെയിടയിൽ ദുൽമ് (അന്യായം) എന്നതിന്റെ അർഥം പരിമിതമാണ്. കാരണം നാം ദുൽമ് എന്നതിന്റെ അർഥം ഒരാളോട് അതിക്രമമോ അനീതിയോ കാണിക്കുക എന്നാണ് എടുക്കുന്നത്. എന്നാൽ നബിതിരുമേനി ﷺ അതിനെ വിശാലമായ അർഥത്തിൽ വിശദീകരിച്ചു. അല്ലാഹുവിനോടുള്ള നീതി എന്താണ് എന്നതിനെക്കുറിച്ച് പരിശുദ്ധ ഖുർആനിലെ ഈ ആയത്ത് അവതരിച്ചു:

اَلَّذِيْنَ اٰمَنُوْا وَلَمْ يَلْبِسُوْٓا اِيْمَانَهُمْ بِظُلْمٍ اُولٰٓئِكَ لَهُمُ الْاَمْنُ وَهُمْ مُّهْتَدُوْنَ ﴿٨٣﴾

(سورة الانعام٨٣)

വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് രക്ഷയുള്ളത്. നേർമാർഗം പ്രാപിക്കുന്നവരും അവർതന്നെ. ഈ ആയത്തിന്റെ വ്യാഖ്യാനം നബിതിരുമേനി ﷺ തന്നെ വിശദീകരിച്ചു. അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) വിവരിക്കുന്നു:

الذين اٰمنوا ولم يلبسوا ايمانهم

അതായത് വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തെ അനീതിയുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർ എന്ന ആയത്ത് അവതരിച്ചപ്പോൾ, സ്വഹാബികൾക്ക് ഈ കാര്യം വളരെ പ്രയാസകരമായി തോന്നി. എന്നിട്ട് അവർ പറഞ്ഞു: ഞങ്ങളിൽ ആരാണ് അന്യായം ചെയ്യാത്തവരുണ്ടാവുക? അപ്പോൾ നബികരീം ﷺ പറഞ്ഞു: അതിന്റെ ഉദ്ദേശ്യം നിങ്ങൾ മനസ്സിലാക്കിയതല്ല. മറിച്ച്, അതിന്റെ ഉദ്ദേശ്യം ലുഖ്മാൻ (അ) തന്റെ മകനോട് പറഞ്ഞ ഈ വാക്കുകളിലുണ്ട്:

يا بني لا تشرك بالله إن الشرك لظلم عظيم

അതായത്, എന്റെ കുഞ്ഞുമകനെ! നീ അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കരുത്. നിശ്ചയമായും ശിർക്ക് (പങ്കുചേർക്കൽ) ഒരു വലിയ അക്രമമാണ്. *(സ്വഹീഹ് ബുഖാരി ഹദീസ് നമ്പർ: 6937).*

**സാമൂഹിക നീതി**

ഇസ്‌ലാം സാമൂഹിക നീതിക്കും വളരെ ഊന്നൽ നല്കിയിട്ടുണ്ട്. ലോകത്തിലെ മറ്റൊരു മതത്തിനും ഈ വശത്ത് സമാനതകളില്ലാത്ത രീതിയിൽ സാമൂഹിക നീതി സ്ഥാപിച്ചു. സാമൂഹിക നീതിയുടെ നിബന്ധനയാണ് മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുക എന്നത്. അവരുടെ ഔദാര്യങ്ങൾക്ക് പകരമായി, കുറഞ്ഞത് അവരോട് ഇഹ്സാൻ (നന്മ) ചെയ്യുക. അവരുടെ എല്ലാ അവകാശങ്ങളും നീതിയോടെ നിർവഹിക്കുക. ഇത് പരിശുദ്ധ ഖുർആനിൽ അല്ലാഹു പലയിടത്തും ഊന്നിപ്പറഞ്ഞിരിക്കുന്നു. അപ്രകാരം അവൻ പറഞ്ഞു:

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا

(സൂറഃ ബനീ ഇസ്രാഈൽ: 24)

അതായത്, നിന്റെ രക്ഷിതാവ് ഈ കാര്യം തീർച്ചയായും കൽപ്പിച്ചിരിക്കുന്നു: നീ അവനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുത്, കൂടാതെ നിന്റെ മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുകയും ചെയ്യുക. മാതാപിതാക്കൾ അമുസ്‌ലീങ്ങൾ ആണെങ്കിൽ പോലും, ഒരു മുസ്‌ലിമിനോട് എല്ലാ സാഹചര്യങ്ങളിലും തന്റെ മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറാൻ കൽപ്പിച്ചിരിക്കുന്നു.

**ഭരണകൂടം, നീതിന്യായം, ഭരണകാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നീതിയുടെയും അധ്യാപനം**

ജീവിതത്തിന്റെ എല്ലാ മേഖലകളിലും-സാമ്പത്തികമായാലും, സാമൂഹികമായാലും, രാഷ്ട്രീയമായാലും, നിയമപരമായാലും-എല്ലാ സാഹചര്യങ്ങളിലും നീതി പാലിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സമാധാനപരമായ ഒരു സമൂഹം സ്ഥാപിക്കാൻ ഇത് സഹായിക്കും, അവിടെ സമാധാനവും സുരക്ഷയും, സമുദായ ഐക്യവും, പരസ്പര സൗഹൃദവും, രാജ്യത്തിന്റെ അഖണ്ഡതയും സംരക്ഷിക്കപ്പെടുന്നു.

അല്ലാഹു പറയുന്നു:

إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا وَإِذَا حَكَمْتُمْ بَيْنَ النَّاسِ أَنْ تَحْكُمُوا بِالْعَدْلِ ۚ إِنَّ اللَّهَ نِعِمَّا يَعِظُكُمْ بِهِ ۗ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا

(അന്നിസാഅ്: 59)

നിശ്ചയമായും, അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നത്, നിങ്ങൾ അമാനത്തുകൾ (വിശ്വസ്തതയോടെ ഏൽപ്പിച്ചവ) അതിന്റെ അവകാശികൾക്ക് ഏൽപ്പിക്കുക, നിങ്ങൾ ജനങ്ങൾക്കിടയിൽ ഭരണം നടത്തുകയോ വിധി പറയുകയോ ചെയ്യുമ്പോൾ നീതിയോടെ വിധി പറയുക എന്നാണ്. നിശ്ചയമായും, അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത് വളരെ ഉത്തമമാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും ആഴത്തിൽ കാണുന്നവനുമാണ്.

ഒരു രാജ്യത്തിന്റെ കർത്തവ്യം സമൂഹത്തിൽ സന്തുലിതാവസ്ഥയും മിതത്വവും നിലനിർത്തുക എന്നതാണ്. നീതിന്യായമില്ലാതെ ഇത് സാധ്യമല്ല. രാഷ്ട്രീയ നീതി എന്നാൽ രാജ്യത്തിന്റെ രാഷ്ട്രീയ സ്ഥാപനങ്ങളിൽ എല്ലാവർക്കും തുല്യാവകാശം ലഭിക്കുക, പ്രജകളോടും പൗരന്മാരോടും നീതിയും ന്യായവും അടിസ്ഥാനമാക്കി തുല്യമായി പെരുമാറുക എന്നതാണ്. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരായിരിക്കണം. വലുപ്പച്ചെറുപ്പമോ, ധനികനോ ദരിദ്രനോ എന്ന വ്യത്യാസം പാടില്ല. ഇതാണ് നീതിയും ന്യായവും ആവശ്യപ്പെടുന്നത്. ഈ വിഷയത്തിൽ ഇസ്‌ലാമിക പ്രബോധനവും, തിരുനബി ﷺയുടെ മാതൃകയും സമാനതകളില്ലാത്തതാണ്.

തിരുനബിﷺയുടെ ഉത്തമമായ മാതൃക ഈ ഖുർആനിക കൽപ്പനയുടെ പ്രായോഗിക വ്യാഖ്യാനമാണ്. മദീനയിലേക്ക് വരുന്നതിനുമുമ്പ്, ബനൂ നദീർ, ബനൂ ഖുറൈള എന്നീ ജൂത ഗോത്രങ്ങളിൽ ബനൂ നദീർ കൂടുതൽ മാന്യരായി കണക്കാക്കപ്പെട്ടിരുന്നു. ബനൂ ഖുറൈളയിൽപ്പെട്ട ഒരാൾ ബനൂ നദീറിൽപ്പെട്ട ഒരാളെ കൊന്നാൽ പകരം അവനെ വധിക്കുമായിരുന്നു. എന്നാൽ ബനൂ നദീറിൽപ്പെട്ട ഒരാൾ ബനൂ ഖുറൈളയിൽപ്പെട്ട ഒരാളെ കൊന്നാൽ, നൂറ് വസഖ് ഈന്തപ്പഴം ദിയത്തായി നൽകിയാൽ മതിയായിരുന്നു.

നബി കരീം ﷺ മദീനയിൽ വന്ന ശേഷം, ഒരു നദീരി ഒരു ഖുറൈളിയെ കൊന്നു. ബനൂ ഖുറൈള പ്രതികാര നടപടി (ഖിസ്വാസ്) ആവശ്യപ്പെടുകയും, നബി കരീംﷺയെ തങ്ങളുടെ മധ്യസ്ഥനായി നിശ്ചയിക്കുകയും അവിടുത്തെ സന്നിധിയിൽ ഹാജരാവുകയും ചെയ്തു. അപ്പോൾ തിരുനബി ﷺ അജ്ഞതയുടെ കാലത്തെ രീതിക്ക് വിപരീതമായി, ഖുർആനിലെ ഈ കൽപ്പന അനുസരിച്ചു:

وَإِنْ حَكَمْتَ فَاحْكُمْ بَيْنَهُمْ بِالْقِسْطِ

(അൽ മാഇദ: 43).

അതായത്, നീ ഈ ജൂതന്മാർക്കിടയിൽ വിധി പറയുകയാണെങ്കിൽ നീതിയോടെ വിധി പറയുക. അങ്ങനെ അവിടുന്ന് ജീവനു പകരം ജീവൻ എന്ന വിധി പുറപ്പെടുവിച്ചു. *(അബൂദാവൂദ്, കിതാബുദ്ദിയാത്ത്, ബാബ്: അന്നഫ്സ് ബിന്നഫ്സ്).*

ബുഖാരിയുടെ ഒരു റിപ്പോർട്ടിൽ, നബി ﷺയുടെ നീതിയുടെ മറ്റൊരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ജൂതൻ വിലയേറിയ ആഭരണങ്ങൾ കണ്ടിട്ട് ഒരു പെൺകുട്ടിയെ കല്ലുകൊണ്ട് തല തകർത്ത് കൊലപ്പെടുത്തി. കൊല്ലപ്പെട്ട പെൺകുട്ടിയെ നബി കരീം ﷺയുടെ അടുത്തേക്ക് കൊണ്ടുവന്നു, അവൾക്ക് അൽപ്പം ജീവൻ അവശേഷിച്ചിരുന്നു. ഒരു വ്യക്തിയുടെ പേരെടുത്ത് ചോദിച്ചു, 'നിന്നെ കൊന്നത് ഇന്നയാളാണോ?' അവൾ തല കൊണ്ട് ആംഗ്യം കാണിച്ച് 'അല്ല' എന്ന് മറുപടി പറഞ്ഞു. പിന്നെ മറ്റൊരു പേരെടുത്തു ചോദിച്ചപ്പോഴും അവൾ നിഷേധിച്ചു. തുടർന്ന്, നബി കരീം ﷺ മൂന്നാമതൊരു ജൂതന്റെ പേരെടുത്തപ്പോൾ, അവൾ തലയാട്ടി 'അതെ' എന്ന് മറുപടി നൽകി. നബി ﷺ ആ ജൂതനെ വിളിച്ചു വരുത്തി ചോദിച്ചപ്പോൾ അവൻ കൊലപാതകം സമ്മതിച്ചു. അങ്ങനെ പ്രതികാര നടപടിയായി (ഖിസ്വാസ്) ആ വ്യക്തിയെ വധിച്ചു. *(ബുഖാരി, കിതാബുദ്ദിയാത്ത്, ബാബ്: മൻ അഖാദ ബിഹജർ).*

ഈ ഹദീസ് തെളിയിക്കുന്നത്, തിരുനബി ﷺ പൂർണ്ണമായ അന്വേഷണം നടത്താതെയും, ഒരാൾ കുറ്റവാളിയാണെന്ന് തെളിയിക്കാതെയും ആർക്കും ശിക്ഷ നല്കിയിരുന്നില്ല. മറിച്ച്, അവിടുന്ന് സമ്പൂർണ്ണ നീതി നടപ്പാക്കുന്നയാളായിരുന്നു. അവിടുത്തെ സമുദായത്തിന് അവിടുന്ന് നല്കിയ അധ്യാപനവും മാതൃകയും ഇതുതന്നെയാണ്.

അതുപോലെയുള്ള മറ്റൊരു ഹദീസിൽ വരുന്നു, ആഇശؓ പ്രസ്താവിച്ചു: ഒരിക്കൽ ഖുറൈശി സ്വഹാബികൾ ഒരു മഖ്സൂമി സ്ത്രീയുടെ കാര്യത്തിൽ വളരെ ആശങ്കാകുലരായിരുന്നു. അവൾ മോഷണം നടത്തുകയും, (മറ്റുള്ളവരിൽ നിന്ന്) സാധനങ്ങൾ കടം വാങ്ങിയ ശേഷം നിഷേധിക്കുകയും ചെയ്യുമായിരുന്നു. (ആ സ്ത്രീയുടെ കൈ മുറിക്കാൻ നബി ﷺ ഉത്തരവിട്ടിരുന്നു). ഈ ഖുറൈശി സ്വഹാബികൾ പരസ്പരം കൂടിയാലോചിച്ചു, ഈ സ്ത്രീയുടെ കേസിൽ നബി ﷺയോട് സംസാരിക്കാൻ (അതായത് ശുപാർശ ചെയ്യാൻ) ആർക്കാണ് കഴിയുക? അവർ പറഞ്ഞു, ഉസാമ ബിൻ സൈദ് ؓ യോട് നബി കരീം ﷺക്ക് വലിയ സ്നേഹവും ബന്ധവുമുണ്ട്, അതിനാൽ ഈ വിഷ

യത്തിൽ ഉസാമ رضي الله عنه യല്ലാതെ മറ്റാർക്കും സംസാരിക്കാൻ ധൈര്യമുണ്ടാവില്ല. (അങ്ങനെ അവർ ഉസാമയെ رضي الله عنه അതിനായി ഒരുക്കി). ഉസാമ رضي الله عنه (അവരുടെ നിർദേശപ്രകാരം നബി ﷺയോട് സംസാരിച്ചു). അവിടുന്ന് അത് കേട്ട ശേഷം ചോദിച്ചു: 'നീ അല്ലാഹുവിന്റെ അതിരുകളിൽപ്പെട്ട ഒരതിരിന്റെ കാര്യത്തിൽ ശിപാർശ ചെയ്യുകയാണോ?'

ശേഷം നബി ﷺ എഴുന്നേറ്റ് നിന്ന് പ്രഭാഷണം നടത്തി. (അല്ലാഹുവിനെ സ്തുതിച്ച ശേഷം ആ പ്രഭാഷണത്തിൽ) അവിടുന്ന് പറഞ്ഞു: 'നിങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയ ജനതയെ നശിപ്പിച്ചത് ഈ കാര്യമാണ്. അവരിൽപ്പെട്ട ഏതെങ്കിലും മാന്യനായ വ്യക്തി (അതായത്, ഭൗതികമായ പ്രതാപവും ശക്തിയുമുള്ളവൻ) മോഷ്ടിച്ചാൽ, അവർ അവനെ ശിക്ഷിക്കാതെ വിട്ടയക്കും. അവരിൽപ്പെട്ട ദുർബലനും ദരിദ്രനുമായ ആരെങ്കിലും മോഷ്ടിച്ചാൽ, അവർ അവനെ ശിക്ഷിക്കും. അല്ലാഹുവാണ! മുഹമ്മദിന്റെ മകൾ ഫാത്തിമ പോലും മോഷ്ടിച്ചാൽ ഞാൻ അവളുടെ കൈ വെട്ടുന്നതാണ്.' *(ബുഖാരിയും മുസ്‌ലിമും).*

മുസ്‌ലിമിന്റെ മറ്റൊരു നിവേദനത്തിൽ ഇങ്ങനെയാണ്: ആഇശ رضي الله عنها പ്രസ്താവിച്ചു, ഒരു മഖ്സൂമി സ്ത്രീയുടെ പതിവായിരുന്നു, അവൾ ആളുകളിൽ നിന്ന് എന്തെങ്കിലും കടം വാങ്ങുകയും എന്നിട്ട് അത് നിഷേധിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ നബി കരീം ﷺ അവളുടെ കൈ മുറിക്കാൻ കൽപ്പിച്ചു. (ഇതറിഞ്ഞപ്പോൾ) ആ സ്ത്രീയുടെ ബന്ധുക്കൾ ഉസാമ رضي الله عنه യുടെ അടുക്കൽ വന്ന്, നബി ﷺയോട് ശിപാർശ ചെയ്യാൻ ആവശ്യപ്പെട്ടു. തുടർന്ന് ഉസാമ رضي الله عنه നബി ﷺയോട് ഇത് സംബന്ധിച്ച് ഉണർത്തിച്ചു. അതിനുശേഷം, മുകളിലെ ഹദീസിൽ പറഞ്ഞ അതേ വാക്കുകൾ തന്നെയാണ് ഈ ഹദീസിലും ഉള്ളത്. *(മിശ്കാത്തുൽ മസ്വാബീഹ് ഹുദൂദിന്റെ കേസിൽ ശിപാർശ ചെയ്യുന്നതിനെക്കുറിച്ചുള്ള അധ്യായം. ഹദീസ് നമ്പർ 3568).*

പിന്നീട്, ശത്രുക്കളോട് പോലും നീതിയും ന്യായവും പാലിക്കാൻ സൂറത്തുൽ മാഇദയിൽ അല്ലാഹു ആവശ്യപ്പെടുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ لِلَّهِ شُهَدَآءَ بِٱلْقِسْطِ ۖ وَلَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ خَبِيرٌۢ بِمَا تَعْمَلُونَ

(അൽ മാഇദ: 9)

ഓ, വിശ്വസിച്ചവരേ! അല്ലാഹുവിനുവേണ്ടി ശക്തമായി നിലകൊള്ളുന്നവരായി, നീതിയുടെ സാക്ഷികളായി തീരുക. ഒരു ജനതയോടുള്ള ശത്രുത നിങ്ങൾ നീതി പാലിക്കാതിരിക്കാൻ നിങ്ങളെ ഒരു കാലത്തും പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക! അതാണ് തഖ്‌വയോട് (ദൈവഭക്തിയോട്) ഏറ്റവും അടുപ്പമുള്ളത്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക! തീർച്ചയായും നിങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് അല്ലാഹു എന്നും സമ്പൂർണ്ണമായി അറിവുള്ളവനാണ്.

നബി ﷺ ജൂതന്മാർക്കിടയിലോ മറ്റ് മതസ്ഥർക്കിടയിലോ മാത്രമല്ല നീതിയുക്തമായ വിധികൾ പുറപ്പെടുവിച്ചിരുന്നത്. മറിച്ച്, ഏതെങ്കിലും ജൂതനോ, മറ്റ് മതക്കാരനോ, ഗോത്രക്കാരനോ ഒരു മുസ്‌ലിമുമായി തർക്കത്തിലായാൽ പോലും, അവിടുന്ന് പൂർണമായ നീതി നടപ്പാക്കി. ഖുർആനിലെ ഈ ആയത്ത്:

لَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ

എന്ന കൽപ്പന പ്രാവർത്തികമാക്കിക്കൊണ്ട്, ലോകാവസാനം വരെയുള്ളവർക്ക് ഒരു സമ്പൂർണ മാതൃക അവിടുന്ന് അവശേഷിപ്പിച്ചു.

അബ്ദുല്ലാഹ് ഇബ്നു അബീ ഹദ്റദ് അൽ അസ്‌ലമി رضي الله عنه പറയുന്നു: തനിക്ക് ഒരു ജൂതന് മേൽ നാല് ദിർഹം കടമുണ്ടായിരുന്നു. അതിന്റെ കാലാവധി കഴിഞ്ഞപ്പോൾ, ആ ജൂതൻ വന്ന് നബി ﷺയോട് പരാതിപ്പെട്ടു: 'ഈ വ്യക്തി എനിക്ക് നാല് ദിർഹം തരാനുണ്ട്, അത് തരുന്നില്ല.' റസൂലുല്ലാഹ് ﷺ അബ്ദുല്ലാഹിനോട് പറഞ്ഞു: 'ഈ ജൂതന്റെ അവകാശം നൽകുക.' അബ്ദുല്ലാഹ് رضي الله عنه പറഞ്ഞു: 'അങ്ങയെ സത്യവുമായി അയച്ച അല്ലാഹുവാണ സത്യം, എനിക്ക് ഇപ്പോൾ ആ കടം വീട്ടാൻ കഴിവില്ല.' അവിടുന്ന് രണ്ടാമതും പറഞ്ഞു: 'അവകാശപ്പെട്ടത് അവന് തിരികെ നല്കുക.' അബ്ദുല്ലാഹ് رضي الله عنه വീണ്ടും അതേ കാരണം പറഞ്ഞു, എന്നിട്ട് പറഞ്ഞു: 'ഞങ്ങൾ ഖൈബറിലേക്ക് പോകുമെന്നും, യുദ്ധമുതലായി ലഭിക്കുന്നതിൽ നിന്ന് വിഹിതം കിട്ടുമെന്നും, തിരിച്ചുവന്നശേഷം ഞാൻ അവന്റെ കടം വീട്ടിക്കൊള്ളാമെന്നും ഞാൻ അവനോട് പറഞ്ഞിട്ടുണ്ട്.' അവിടുന്ന് പറഞ്ഞു: 'ഇപ്പോൾ തന്നെ അവന്റെ അവകാശം വീട്ടുക!' നബി കരീം ﷺ ഒരു കാര്യം മൂന്ന് തവണ പറഞ്ഞാൽ അതൊരു അന്തിമ തീരുമാനമായി കണക്കാക്കിയിരുന്നു.

അങ്ങനെ അബ്ദുല്ലാഹ് رضي الله عنه അവിടെ നിന്ന് ചന്തയിലേക്ക് പോയി. അദ്ദേഹം അരക്കെട്ടിൽ ലുങ്കിയായി ധരിച്ചിരുന്ന തുണി ഊരി, തലയിലെ തുണി അതിനു പകരം കെട്ടി, ആ തുണി നാല് ദിർഹമിന് വിറ്റ് കടം വീട്ടി. അപ്പോൾ അതുവഴി ഒരു വൃദ്ധ കടന്നുപോയി. അവർ പറഞ്ഞു: 'ഓ റസൂലുല്ലാഹ് ﷺയുടെ സ്വഹാബിയേ, നിങ്ങൾക്ക് എന്തുപറ്റി?' അബ്ദുല്ലാഹ് رضي الله عنه മുഴുവൻ കഥയും അവരോട് പറഞ്ഞു. ഉടൻതന്നെ അവർ തന്റെ പുടവ ഊരി അദ്ദേഹത്തിന് നല്കി. അങ്ങനെ, റസൂലുല്ലാഹ് ﷺ യുടെ നീതിയുക്തമായ വിധിയുടെ ബർക്കത്ത് കൊണ്ട്, രണ്ട് കക്ഷികൾക്കും നന്മയുണ്ടായി. *(മുസ്നദ് അഹ്മദ്, ഭാഗം: 3, പേജ്: 42).*

**ദേശീയ അന്തർദേശീയ കാര്യങ്ങളിൽ ഇസ്‌ലാമിന്റെ നീതിയുടെയും അധ്യാപനം**

ദേശീയ വിഷയങ്ങളിലും അന്താരാഷ്ട്ര ബന്ധങ്ങളിലും നീതിയും ന്യായവും ഒരു അടിസ്ഥാന തത്ത്വമായി സ്വീകരിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. സ്വന്തം ഗോത്രത്തോടുള്ള അനുകമ്പ നീതിയിൽ നിന്ന് വ്യതിചലിക്കാൻ ഇടയാക്കരുത് എന്നും, മറ്റൊരു ജനതയോടുള്ള ശത്രുത നീതിയിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരിപ്പിക്കരുത് എന്നും ഇസ്‌ലാം ഊന്നിപ്പറയുന്നു. അല്ലാഹു പറയുന്നു:

لَا يَجْرِمَنَّكُمْ شَنَـَٔانُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ

അതായത്, ഒരു ജനതയോടുള്ള ശത്രുത നിങ്ങൾ നീതി പാലിക്കാതിരിക്കാൻ നിങ്ങളെ ഒരുകാലത്തും പ്രേരിപ്പിക്കാ

• ഹദീഥുന്നബ്‌വി ﷺ •

"അൽഅയ്മനു ഫൽ അയ്മനു."

വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ

Late DILSAD ABDULLATHEEF AND FAMILY KALLIKOTE

PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."

ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ

DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD

VAYANASHALA, PATHAPPIRIYAM, KERALA

തിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക! അതാണ് തഖ്‌വയോട് (ദൈവഭക്തിയോട്) ഏറ്റവും അടുത്തത്.

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) പറയുന്നു:

ഇസ്‌ലാം എല്ലാ കാര്യങ്ങളിലും സമ്പൂർണ നീതിയും സമത്വവുമാണ് പഠിപ്പിക്കുന്നത്. സൂറത്തുൽ മാഇദയിലെ 3-ാം വചനത്തിൽ നമുക്ക് വഴികാട്ടിയായ വളരെ പ്രധാനപ്പെട്ട തത്വം ലഭിക്കുന്നുണ്ട്. നീതിയുടെ നിബന്ധനകൾ പൂർത്തീകരിക്കുന്നതിന്, ശത്രുതയിലും വെറുപ്പിലും എല്ലാ അതിരുകളും ലംഘിച്ചവരോട് പോലും നീതിയും ന്യായവും പ്രകടമാക്കേണ്ടത് അത്യാവശ്യമാണെന്ന് അതിൽ പറയുന്നു. ഖുർആൻ പറയുന്നു: 'നന്മയ്ക്കും പുണ്യത്തിനും വേണ്ടി ആരു നിങ്ങളെ ഉപദേശിച്ചാലും നിങ്ങൾക്കത് സ്വീകരിക്കാം. എന്നാൽ, പാപത്തിലേക്കും അനീതിയിലേക്കും ആരു നിങ്ങളെ ക്ഷണിച്ചാലും നിങ്ങൾക്കത് തിരസ്കരിക്കാം.' *(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 76).*

നിലവിലെ കാലഘട്ടത്തിൽ സൈദ്ധാന്തിക ഭിന്നതകൾ, അതിർത്തി തർക്കങ്ങൾ, കൊടുക്കൽ വാങ്ങൽ ഇടപാടുകൾ, സമാധാനയുദ്ധ പ്രശ്നങ്ങൾ എന്നിവയിൽ, ഏത് കാര്യമാണ് നീതിക്ക് അനുസൃതമായത്, ഏതാണ് നീതിക്ക് വിരുദ്ധമായത് എന്ന ചോദ്യങ്ങൾ ദിനംപ്രതി ഉയരുന്നു. ഈ സാഹചര്യത്തിൽ, ഖുർആൻ ഒരു അടിസ്ഥാനപരമായ മാർഗനിർദേശം നല്കിയിട്ടുണ്ട്, അത് യഥാർഥത്തിൽ നീതിയുടെ മാനദണ്ഡമാണ്.

അല്ലാഹു ഖുർആനിൽ പറയുന്നു:

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِنْ ذَكَرٍ وَأُنْثَىٰ
وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا ۚ إِنَّ
أَكْرَمَكُمْ عِنْدَ اللَّهِ أَتْقَاكُمْ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ

(അൽ ഹുജുറാത്ത്: 14)

മനുഷ്യരേ! നിശ്ചയമായും, ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. നിങ്ങൾ പരസ്പരം അറിയാൻ വേണ്ടി നാം നിങ്ങളെ പല വംശങ്ങളും ഗോത്രങ്ങളുമായി തിരിച്ചിരിക്കുന്നു. നിശ്ചയമായും, അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും കൂടുതൽ തഖ്‌വയുള്ളവനാണ്. തീർച്ചയായും അല്ലാഹു വലിയ അറിവുള്ളവനും വലിയ വിവരമുള്ളവനുമാണ്.

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) ഖുർആനിലെ ഈ അടിസ്ഥാന അധ്യാപനത്തെക്കുറിച്ച് വെളിച്ചം വീശിക്കൊണ്ട് പറയുന്നു:

'സമാധാനം സ്ഥാപിക്കുന്നതിന് കാരണമാകുന്ന അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ച് നീതിയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാം എന്ത് പഠിപ്പിക്കുന്നു? നമ്മുടെ ദേശീയതകളും വംശീയ പശ്ചാത്തലങ്ങളും നമ്മുടെ ഐഡന്റിറ്റിക്കുള്ള ഉപാധിയാണെങ്കിലും, അത് നമുക്ക് ഒരു തരത്തിലുള്ള ശ്രേഷ്ഠതയ്ക്കും അർഹത നല്കുന്നില്ലെന്ന് അല്ലാഹു ഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എല്ലാ മനുഷ്യരും, മനുഷ്യൻ എന്ന നിലയിൽ, തുല്യരാണെന്ന് ഖുർആൻ വ്യക്തമായി പറയുന്നു. നബി ﷺ തന്റെ അവസാനത്തെ പ്രഭാഷണത്തിൽ എല്ലാ മുസ്‌ലീങ്ങളെയും ഓർമ്മിപ്പിച്ചു, ഒരറബിക്കും അനറബിയെക്കാൾ യാതൊരു ശ്രേഷ്ഠതയുമില്ല, അനറബിക്കും അറബിയെക്കാൾ യാതൊരു മഹത്ത്വവുമില്ല വെളുത്തവർഗക്കാരന് കറുത്തവർഗക്കാരനെക്കാളും, കറുത്തവർഗക്കാരന് വെളുത്തവർഗക്കാരനെക്കാളും യാതൊരു സ്ഥാനവുമില്ല എന്നും അവിടുന്ന് പഠിപ്പിച്ചു. അതിനാൽ, എല്ലാ വംശക്കാരും ഗോത്രക്കാരും തുല്യരാണെന്നത് ഇസ്‌ലാമിന്റെ വ്യക്തമായ പ്രബോധനമാണ്. വിവേചനമില്ലാതെ എല്ലാവർക്കും തുല്യ അവകാശങ്ങൾ ലഭിക്കണം എന്നും അവിടുന്ന് വ്യക്തമാക്കി. അന്താരാഷ്ട്ര സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്ന മൗലികമായ, സുവർണ്ണ തത്വമാണിത്.' *(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 75).*

അന്താരാഷ്ട്ര ബന്ധങ്ങൾ സുഖകരവും സുസ്ഥിരവുമായി നിലനിർത്താൻ, സമ്പൂർണ നീതിയും ന്യായവും അടിസ്ഥാനമാക്കിയുള്ള ഒരു തത്വം ഇസ്‌ലാം നല്കിയിട്ടുണ്ട്, ലോക മതങ്ങളിൽ അതിന് സമാനതകളില്ല. ഖുർആൻ പറയുന്നു:

وَإِنْ طَائِفَتَانِ مِنَ الْمُؤْمِنِينَ اقْتَتَلُوا فَأَصْلِحُوا
بَيْنَهُمَا ۖ فَإِنْ بَغَتْ إِحْدَاهُمَا عَلَى الْأُخْرَىٰ
فَقَاتِلُوا الَّتِي تَبْغِي حَتَّىٰ تَفِيءَ إِلَىٰ أَمْرِ اللَّهِ ۚ
فَإِنْ فَاءَتْ فَأَصْلِحُوا بَيْنَهُمَا بِالْعَدْلِ
وَأَقْسِطُوا ۖ إِنَّ اللَّهَ يُحِبُّ الْمُقْسِطِينَ

(അൽ ഹുജുറാത്ത്: 10)

വിശ്വാസികളിൽപ്പെട്ട രണ്ട് കക്ഷികൾ തമ്മിൽ പരസ്പരം പോരടിച്ചാൽ, നിങ്ങൾ അവർക്കിടയിൽ സന്ധി ഉണ്ടാക്കുക. എന്നിട്ട്, സന്ധി ഉണ്ടാക്കിയ ശേഷം, അവരിലൊന്ന് മറ്റൊന്നിനെതിരെ അതിക്രമം കാണിച്ചാൽ, അല്ലാഹുവിന്റെ കൽപ്പനയിലേക്ക് മടങ്ങിവരുന്നതുവരെ അതിക്രമം കാണിക്കുന്നവരോട് എല്ലാവരും ചേർന്ന് യുദ്ധം ചെയ്യുക. എന്നിട്ട്, അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്ക് മടങ്ങിവന്നാൽ, നിങ്ങൾ നീതിയുടെ അടിസ്ഥാനത്തിൽ അവർക്കിടയിൽ സന്ധി ഉണ്ടാക്കുക, നീതി പാലിക്കുകയും ചെയ്യുക. തീർച്ചയായും, അല്ലാഹു നീതി പാലിക്കുന്നവരെ സ്നേഹിക്കുന്നു.

ഈ ആയത്തിലെ مِنَ الْمُؤْمِنِينَ (വിശ്വാസികളിൽപ്പെട്ട) എന്നതിനെക്കുറിച്ച് ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ رضي الله عنه വിശദീകരിക്കുന്നത്:

'വിശ്വാസി (مؤمن) എന്ന വാക്ക് ഒരു കപടനാട്യമായി എടുക്കരുത്. മുസ്‌ലിം രാജ്യങ്ങൾക്ക് മുസ്‌ലീങ്ങൾക്കിടയിൽ മാത്രമേ തീരുമാനമെടുക്കാൻ കഴിയൂ എന്നതിനാലാണ് مؤمن എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. അല്ലാത്തപക്ഷം, ഈ ആയത്തുകൾ എല്ലാ രാജ്യങ്ങൾക്കും വഴികാട്ടിയായി നിലകൊള്ളുന്നു.' *(തഫ്സീർ സഗീർ, പേജ് 857, അടിക്കുറിപ്പ്).*

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) ഈ ആയത്തിനെക്കുറിച്ച് വിശദീകരിക്കുന്നത്:

'ഏതെങ്കിലും ഒരു രാജ്യം പൂർണമായും അതിക്രമം കാണിച്ചുകൊണ്ട് മറ്റൊരു രാജ്യത്തെ ആക്രമിക്കുകയും അതിന്റെ വിഭവങ്ങൾ അന്യായമായി കൈവശപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്താൽ, ആ തരത്തിലുള്ള അതിക്രമം തടയാൻ മറ്റ് രാജ്യങ്ങൾ തീർച്ചയായും നടപടികൾ കൈക്കൊള്ളണം.'

'എന്നാൽ, അങ്ങനെ ചെയ്യുമ്പോഴും അവർ എപ്പോഴും നീതിയുക്തമായി പ്രവർത്തിക്കണം. ഇസ്‌ലാമിക പ്രബോധനത്തെ അടിസ്ഥാനമാക്കിയുള്ള ഈ നടപടി സ്വീകരിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് സൂറത്തുൽ ഹുജുറാത്തിൽ വിശദീകരിച്ചിട്ടുണ്ട്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം യുദ്ധത്തിലേക്ക് വഴിമാറുമ്പോൾ, സംഭാഷണത്തിന്റെയും രാഷ്ട്രീയ ബന്ധങ്ങളുടെയും വഴിയിലേക്ക് അവരെ കൊണ്ടുവരാൻ മറ്റ് രാജ്യങ്ങൾ ശക്തമായി പ്രേരിപ്പിക്കണം. അങ്ങനെ, സംസാരത്തിന്റെ അടിസ്ഥാനത്തിൽ അവർ സമാധാനത്തിലേക്ക് വരണം. എന്നാൽ, ഒരു കക്ഷി സമാധാന വ്യവസ്ഥകൾ അംഗീകരിക്കാൻ വിസമ്മതിക്കുകയും യുദ്ധത്തിന്റെ തീ ആളിക്കത്തിക്കുകയും ചെയ്താൽ, മറ്റ് രാജ്യങ്ങൾ ഒന്നിച്ചു ചേർന്ന് അതിനെ തടയാൻ യുദ്ധം ചെയ്യണം. ആക്രമണം നടത്തുന്ന രാജ്യം തോൽവി സമ്മതിച്ച് പരസ്പര ചർച്ചയ്ക്ക് തയ്യാറായാൽ, എല്ലാ കക്ഷികളും സമാധാനത്തിന്റേതായ ഒരു കരാറിനുവേണ്ടി പരിശ്രമിക്കണം, അതിന്റെ ഫല

മായി ശാശ്വത സമാധാനം നിലനിൽക്കണം.' *(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ്: 76, 77).*

**മതപരമായ കാര്യങ്ങളിൽ ഇസ്‌ലാമിന്റെ നീതിയുടെ പാഠം**

ഇസ്‌ലാം എല്ലാ വ്യക്തികൾക്കും നല്കിയ മതപരമായ സ്വാതന്ത്ര്യം ഇസ്‌ലാമിന്റെ സമ്പൂർണ നീതിയുടെ പാഠത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അല്ലാഹു പറയുന്നു:

لَآ إِكْرَاهَ فِى ٱلدِّينِ ۖ قَد تَّبَيَّنَ ٱلرُّشْدُ مِنَ ٱلْغَىِّ

(സൂറത്തുൽ ബഖറ: 256)

മതത്തിൽ ഒരു നിർബന്ധവുമില്ല. സന്മാർഗം വ്യക്തവും, ദുർമാർഗത്തിൽ നിന്ന് വേറിട്ടുമാണ് നിൽക്കുന്നത്.

മറ്റൊരിടത്ത് ഖുർആൻ പറയുന്നു:

أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ يَكُونُوا۟ مُؤْمِنِينَ

(സൂറത്തു യൂനുസ്: 100)

അതായത്, ഓ മുഹമ്മദ് ﷺ! ജനങ്ങൾ വിശ്വാസികളാകുന്നതുവരെ താങ്കൾ അവരെ നിർബന്ധിക്കുമോ?

ഓരോ മനുഷ്യന്റെയും അടിസ്ഥാന അവകാശമാണ്, അവന് വിശ്വാസത്തിന്റെയും മനസാക്ഷിയുടെയും പൂർണ സ്വാതന്ത്ര്യം ലഭിക്കണം എന്നത്. നിർബന്ധത്തിലൂടെയും ബലപ്രയോഗത്തിലൂടെയും ഒരാളെ ഒരു സിദ്ധാന്തത്തിൽ വിശ്വസിക്കാൻ നിർബന്ധിക്കരുത്. വിശ്വാസവും മതവും അത്തരം കാര്യങ്ങളല്ല, അതിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള നിർബന്ധമോ സമ്മർദ്ദമോ ചെലുത്താൻ പാടില്ല. ഖുർആനിലെയും സുന്നത്തിലെയും നിരവധി വാചകങ്ങളും, സ്വഹാബികളുടെ പെരുമാറ്റ രീതികളും തെളിയിക്കുന്നത്, മതപരമായ കാര്യങ്ങളിൽ ഒരു തരത്തിലുള്ള നിർബന്ധത്തെയും ഇസ്‌ലാം അനുവദിച്ചിട്ടില്ല എന്നാണ്.

മതപരമായ അഭിപ്രായ വ്യത്യാസങ്ങളെ ഇസ്‌ലാം യാഥാർത്ഥ്യബോധത്തോടെയാണ് കാണുന്നത്. മറ്റ് മതങ്ങളുടെയും വിശ്വാസങ്ങളുടെയും സിദ്ധാന്തങ്ങളുടെയും നിലനിൽപ്പിനെ അത് അംഗീകരിക്കുന്നു. മറ്റ് മതങ്ങളോടുള്ള അതിന്റെ സമീപനം വിദ്വേഷപരമല്ല. എല്ലാ മതക്കാരെയും ഒരുപോലെ മതപരമായ അവകാശങ്ങളും പൗരന്മാർ എന്ന നിലക്കുള്ള അവകാശങ്ങളും ലഭിക്കുന്ന ഒരു മനുഷ്യ സമൂഹം രൂപപ്പെടുത്താനാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. മുസ്‌ലീങ്ങളും അമുസ്‌ലിംകളും തമ്മിലുള്ള ബന്ധം മത സഹിഷ്ണുത, നന്മ, ദയ, നീതി, എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്ന ഒരു സമൂഹം ഇസ്‌ലാം ആഗ്രഹിക്കുന്നു.

മതഭേദമില്ലാതെ എല്ലാ മനുഷ്യരെയും ആദരിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. മുസ്‌ലീങ്ങൾക്ക് നൽകിയിട്ടുള്ള എല്ലാ അടിസ്ഥാന അവകാശങ്ങളും അത് അമുസ്‌ലീങ്ങൾക്കും നല്കിയിട്ടുണ്ട്. മതപരമായ വിവേചനമില്ലാതെ ഓരോ മനുഷ്യനെയും ബഹുമാനിക്കപ്പെടേണ്ടവനായി ഇസ്‌ലാം കണക്കാക്കുന്നു. അവൻ ഏത് മതത്തിൽ നിന്നോ വിശ്വാസത്തിൽ നിന്നോ ഉള്ളവനാണെങ്കിലും. ഒരു മനുഷ്യൻ ജീവിച്ചിരിക്കുമ്പോൾ ബഹുമാനിക്കപ്പെടേണ്ടതുപോലെ, മരണശേഷവും അവനെ ആദരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു ജൂതന്റെ മൃതദേഹം നബി ﷺയുടെ അരികിലൂടെ കടന്നുപോയപ്പോൾ അവിടുന്ന് എഴുന്നേറ്റു നിന്നു. സ്വഹാബികൾ ചോദിച്ചു: 'അല്ലയോ അല്ലാഹുവിന്റെ റസൂലേ ﷺ! ഇത് ഒരു ജൂതന്റെ മൃതദേഹമല്ലേ?' അവിടുന്ന് ചോദിച്ചു: 'അവ ലൈസത് നഫ്സാ? (ഇതൊരു മനുഷ്യനല്ലേ)?' *(അബൂദാവൂദ്, ബാബ് ഖിയാമു ലിൽ ജനാസ).*

അഹ്സാബ് യുദ്ധസമയത്ത് ബഹുദൈവാരാധകരിൽപ്പെട്ട ഒരാൾ കൊല്ലപ്പെട്ടു. ബഹുദൈവാരാധകർ വില കൊടുത്ത് ആ മൃതദേഹം വാങ്ങാൻ ആഗ്രഹിച്ചു. അവിടുന്ന് വില വാങ്ങാതെ ആ മൃതദേഹം അവർക്ക് കൈമാറി. കാരണം, മനുഷ്യനെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നത് അവനോടുള്ള ആദരവിന് എതിരായ കാര്യമാണ്. നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലുന്നത് ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ മുഴുവൻ മനുഷ്യരെയും കൊല്ലുന്നതിന് തുല്യമാണ്, ഒരു മനുഷ്യന്റെ ജീവൻ രക്ഷിക്കുന്നത് മുഴുവൻ മനുഷ്യരുടെയും രക്ഷയ്ക്ക് തുല്യമാണ്. ഇതിൽ നിന്ന്, മനുഷ്യജീവന് ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ എത്രമാത്രം ആദരവുണ്ടെന്ന് മനസ്സിലാക്കാം.

ഇസ്‌ലാമിനു മുമ്പ് യുദ്ധ നിയമങ്ങളെക്കുറിച്ച് ഒരു സങ്കൽപ്പവും ഉണ്ടായിരുന്നില്ല. വിജയിച്ച രാജ്യങ്ങൾ കീഴടങ്ങിയ രാജ്യങ്ങളോട് എല്ലാ തരത്തിലുള്ള അതിക്രമങ്ങളും കാണിച്ചിരുന്നു. കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ ഛിന്നഭിന്നമാക്കുകയും, മനുഷ്യജീവന്റെ പവിത്രത എല്ലാ തരത്തിലും ലംഘിക്കപ്പെടുകയും ചെയ്തിരുന്നു. ഇസ്‌ലാം യുദ്ധ നിയമങ്ങളെ സംസ്കരിച്ചു. കുട്ടികളെയും, വൃദ്ധരെയും, സ്ത്രീകളെയും കൊല്ലുന്നത് അവിടുന്ന് നിരോധിച്ചു. ദുർബലർക്കെതിരെ കൈ ഉയർത്തുന്നത്, മത പുരോഹിതന്മാരെ വാളിന് ഇരയാക്കുന്നത് എന്നിവയിൽ നിന്ന് വിലക്കി. യുദ്ധത്തിൽ ഏർപ്പെടുന്ന ശത്രുക്കളുടെ അതിക്രമത്തിനും, അടിച്ചമർത്തലിനും, സ്വേച്ഛാധിപത്യത്തിനും എതിരെ മാത്രമേ യുദ്ധത്തിന് അവിടുന്ന് അനുമതി നല്കിയിട്ടുള്ളൂ.

അതുകൊണ്ട്, മനുഷ്യനെ ആദരിക്കാനും മനുഷ്യജീവനെ ബഹുമാനിക്കാനും സമൂഹത്തിലെ ഓരോ വ്യക്തിക്കും ബാധ്യതയുണ്ട്. അതിക്രമത്തിൽ നിന്നും, നിർബന്ധത്തിൽ നിന്നും, അക്രമത്തിൽ നിന്നും അകന്നു നിൽക്കുക, അന്യായമായി മനുഷ്യരക്തം ഒഴുക്കാതിരിക്കുക, മറ്റുള്ളവരുടെ അഭിമാനത്തെ സ്വന്തം അഭിമാനമായി കണക്കാക്കണം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ അയ്യദഹുല്ലാഹ് ജമാഅത്തിനെ നീതിയുടെ കാര്യത്തിൽ ഉപദേശിച്ചുകൊണ്ട് പറയുന്നു:

'ഞാൻ ഓതിയ സൂറത്തുൽ അഅ്റാഫിലെ ആയത്തിൽ അല്ലാഹു ഇതുതന്നെയാണ് കൽപ്പിച്ചിരിക്കുന്നത്. അതിന്റെ പരിഭാഷ ഇതാണ്: 'നാം സൃഷ്ടിച്ചവരിൽ, സത്യം ഉപയോഗിച്ച് ജനങ്ങൾക്ക് മാർക്ഷനിർദേശം നല്കുകയും അതുവഴി നീതി സ്ഥാപിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ആളുകളുണ്ട്.' സത്യത്തിന്റെയും നീതിയുടെയും കാര്യം പറയുകയും അതിലൂടെ മാർഗനിർദേശം നല്കുകയും ചെയ്യുന്നവരാണ് എപ്പോഴും മാർഗനിർദ്ദേശം നൽകുന്നവർ. ഇന്നും സത്യത്തോടെ മാർക്ഷ നിർദ്ദേശം നൽകുന്നവരും നീതി സ്ഥാപിക്കുന്നവരുമാണ് വിജയിക്കുക.'

'ഒരാൾ സ്വയം മാർഗനിർദ്ദേശത്തിൽ ഉറച്ചുനിൽക്കുന്നില്ലെങ്കിൽ, മറ്റുള്ളവർക്ക് എങ്ങനെ മാർഗനിർദേശം നൽകാൻ കഴിയും? ഒരാൾ സ്വയം നീതിയിൽ ഉറച്ചുനിൽക്കുന്നില്ലെങ്കിൽ, മറ്റുള്ളവർക്ക് എങ്ങനെ നീതി നല്കാൻ കഴിയും? അതുകൊണ്ട്, നാം ഹദ്റത്ത് മസീഹ് മൗഊദ് ؑ

ശേഷം പേജ് 26 ൽ

**• ഹദീഥുന്നബ്‌വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**പേജ് 5 ൽ നിന്ന്**

اِنَّاۤ اَرۡسَلۡنٰکَ بِالۡحَقِّ بَشِیۡرًا وَّ نَذِیۡرًا ؕ وَ اِنۡ مِّنۡ اُمَّۃٍ اِلَّا خَلَا فِیۡہَا نَذِیۡرٌ ○
(سورۃ الفاطر 25)

തീർച്ചയായും, സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പു നല്കുന്നവനുമായി സത്യസമേതം നാം നിന്നെ അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല.

فَضۡلًا مِّنَ اللّٰہِ وَ نِعۡمَۃً ؕ وَ اللّٰہُ عَلِیۡمٌ حَکِیۡمٌ (سورۃ الحجرات 9)۔

അല്ലാഹുവിൽനിന്നുള്ള ഔദാര്യവും അനുഗ്രഹവും ആണിത്. അല്ലാഹു സർവജ്ഞനും യുക്തിജ്ഞനും ആകുന്നു.

اِنَّ اللّٰہَ یَاۡمُرُ بِالۡعَدۡلِ وَ الۡاِحۡسَانِ وَ اِیۡتَآیِٔ ذِی الۡقُرۡبٰی وَ یَنۡہٰی عَنِ الۡفَحۡشَآءِ وَ الۡمُنۡکَرِ وَ الۡبَغۡیِ ۚ یَعِظُکُمۡ لَعَلَّکُمۡ تَذَکَّرُوۡنَ ○
(سورۃ النحل 91)

നീതിപുലർത്തുന്നതിനും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കൾക്കെന്ന പോലെ (അന്യർക്കും) സഹായം നല്കുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചവൃത്തിയും നിഷിദ്ധകർമവും നിയമലംഘനവും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപേദശിക്കുന്നു.

اِنَّ اللّٰہَ یَاۡمُرُکُمۡ اَنۡ تُؤَدُّوا الۡاَمٰنٰتِ اِلٰۤی اَہۡلِہَا ۙ وَ اِذَا حَکَمۡتُمۡ بَیۡنَ النَّاسِ اَنۡ تَحۡکُمُوۡا بِالۡعَدۡلِ ؕ اِنَّ اللّٰہَ نِعِمَّا یَعِظُکُمۡ بِہٖ ؕ اِنَّ اللّٰہَ کَانَ سَمِیۡعًۢا بَصِیۡرًا ○
(سورۃ النساء 59)

നിശ്ചയമായും അല്ലാഹു, അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്നു നിങ്ങളോടു കല്പിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധികല്പിക്കുമ്പോൾ നീതിപൂർവം നിങ്ങൾ വിധികല്പിക്കണം (എന്നും നിങ്ങളോട് അല്ലാഹു കല്പിക്കുന്നു). അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ല പോലെ കാണുന്നവനുമാണ്.

**പേജ് 6 ൽ നിന്ന്**

കൂട്ടരുണ്ട്. അന്ത്യനാളിൽ ഞാൻ അവരുടെ കാര്യത്തിൽ കണിശമായ വിചാരണ നടത്തുന്നതാണ്. എന്റെ പേരിൽ ഒരാൾക്ക് അഭയം നല്കുകയും എന്നിട്ട് വഞ്ചിക്കുകയും ചതിക്കുകയും ചെയ്തവൻ. ഒരു സ്വതന്ത്ര വ്യക്തിയെ പിടികൂടുകയും എന്നിട്ട് അവനെ വിൽക്കുകയും ആ വില വാങ്ങി ഉപയോഗിക്കുകയും ചെയ്തവൻ. ഒരാളെ കൂലിക്ക് വെക്കുകയും, അവനിൽ നിന്നും പൂർണമായി ജോലി എടുപ്പിക്കുകയും, എന്നാൽ അവന് നിശ്ചയിച്ച പ്രതിഫലം നല്കാതിരിക്കുകയും ചെയ്തവൻ.

۔(بخاری کتاب البیوع باب اثم من باع حرًّا او ابن ماجہ)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 728)۔

عَنۡ اَنَسٍ رَضِیَ اللّٰہُ عَنۡہُ عَنِ النَّبِیِّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ : لَا یُؤۡمِنُ اَحَدُکُمۡ حَتّٰی یُحِبَّ لِاَخِیۡہِ مَا یُحِبُّ لِنَفۡسِہٖ

ഹദ്റത്ത് അനസ് ﵁ നിവേദനം ചെയ്യുന്നു: റസൂലുല്ലാഹ്ﷺ പറഞ്ഞു: തനിക്ക് വേണ്ടി ഇഷ്ടപ്പെടുന്ന കാര്യങ്ങൾ തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാകുകയില്ല. (അതായത്, ഒരു വ്യക്തി തനിക്ക് വേണ്ടി ആശ്വാസം, സൗഖ്യം, നന്മ എന്നിവ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അത് തന്നെ മറ്റുള്ളവർക്ക് വേണ്ടിയും ആഗ്രഹിക്കുക.)

۔(بخاری کتاب الایمان باب من الایمان ان یحب لاخیہ ما یحب لنفسہ)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 731)۔

عَنِ ابۡنِ مَسۡعُوۡدٍ رَضِیَ اللّٰہُ عَنۡہُ قَالَ : قَالَ رَجُلٌ لِرَسُوۡلِ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ : کَیۡفَ لِیۡ اَنۡ اَعۡلَمَ اِذَا اَحۡسَنۡتُ اَوۡ اِذَا اَسَأۡتُ فَقَالَ النَّبِیُّ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ اِذَا سَمِعۡتَ جِیۡرَانَکَ یَقُوۡلُوۡنَ : قَدۡ اَحۡسَنۡتَ، فَقَدۡ اَحۡسَنۡتَ وَاِذَا سَمِعۡتَہُمۡ یَقُوۡلُوۡنَ : قَدۡ أَسَأۡتَ، فَقَدۡ اَسَأۡتَ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്﵁ നിവേദനം ചെയ്യുന്നു. ഒരാൾ നബികരീംﷺയോട് ചോദിച്ചു: ഞാൻ നന്മയാണോ തിന്മയാണോ ചെയ്യുന്നതെന്ന് എനിക്കെങ്ങനെ മനസ്സിലാകും. നബി കരീം ﷺ പറഞ്ഞു: നിന്റെ കർമങ്ങൾ നല്ലതാണെന്ന് നിന്റെ അയൽക്കാർ പറയുന്നതായി നീ കേട്ടാൽ അത് നല്ലതാണ്. അവർ നിന്നെക്കുറിച്ച് മോശം പറയുന്നതായി നീ കേട്ടാൽ നിന്റെ കർമവും മോശമാണ്.

۔(ابن ماجہ ابواب الزھد باب ثناء الحسن)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 423)۔

عَنۡ اَبِیۡ ھُرَیۡرَۃَ رَضِیَ اللّٰہُ عَنۡہُ اَنَّ رَسُوۡلَ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ قَالَ : مَنۡ کَانَ یُؤۡمِنُ بِاللّٰہِ وَالۡیَوۡمِ الۡاٰخِرِ فَلَا یُؤۡذِ جَارَہٗ، وَمَنۡ کَانَ یُؤۡمِنُ بِاللّٰہِ وَالۡیَوۡمِ الۡاٰخِرِ فَلۡیُکۡرِمۡ ضَیۡفَہٗ، وَمَنۡ کَانَ یُؤۡمِنُ بِاللّٰہِ وَالۡیَوۡمِ الۡاٰخِرِ فَلۡیَقُلۡ خَیۡرًا اَوۡ لِیَسۡکُتۡ

ഹദ്റത്ത് അബൂഹുറയ്റ﵁ നിവേദനം ചെയ്യുന്നു. നബികരീംﷺ പറഞ്ഞു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ അയൽവാസികളെ ബുദ്ധിമുട്ടിക്കരുത്. അല്ലാഹുവിലും അന്ത്യദി നത്തിലും വിശ്വസിക്കുന്നവർ അതിഥികളെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നന്മയെക്കുറിച്ച് പറയട്ടെ. അല്ലെങ്കിൽ മൗനം ദീക്ഷിക്കട്ടെ.

۔(بخاری کتاب الادب باب من کان یؤمن باللّٰہ والیوم الاٰخر)(بحوالہ حدیقۃ الصالحین مصنفہ ملک سیف الرحمٰن صاحب حدیث 427)۔

**ഹുസൂർ തിരുമനസ്സിന്റെ സന്ദേശം** **(ബാക്കി ഭാഗം : പേജ് 3)**

നമുക്ക് നല്കിയിട്ടുള്ള എം.ടി.എ എന്ന അനുഗ്രഹം ജമാഅത്തിനുള്ളിൽ ഐക്യവും ഖിലാഫത്തുമായുള്ള ബന്ധവും ഊട്ടിയുറപ്പിച്ചിരിക്കുകയാണ്. ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന വിവിധ ദേശങ്ങളിലും ജനതകളിലും വംശ വർണങ്ങളിലുമുള്ള അഹ്മദികൾ, ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും  എം.ടി.എ യിൽ പ്രക്ഷേപണം ചെയ്യുമ്പോൾ വളരെയധികം സ്നേഹാദരങ്ങളോടും കൂടി ശ്രവിക്കുകയും, തങ്ങളുടെ വിശ്വാസത്തിലും ദൃഢബോധ്യത്തിലും ശക്തി നേടുകയും, ഐക്യത്തിൽ പുരോഗമിക്കുകയും ചെയ്യുന്നതായി നമുക്ക് കാണാം. ആയതിനാൽ, ഇസ്‌ലാമിക അധ്യാപനങ്ങളിൽ സാമൂഹിക ഐക്യത്തിന് നല്കിയിട്ടുള്ള പ്രാധാന്യത്തിന്റെയും അനുഗ്രഹങ്ങളുടെയും പ്രായോഗികമായ ചിത്രമാണ് ഇന്ന് അഹ്മദിയ്യാ ഖിലാഫത്തിന്റെ കീഴിലുള്ള അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്നത്.

അല്ലാഹു എല്ലാ അനുവാചകർക്കും അവനോട് നന്ദിയുള്ളവരായിക്കൊണ്ട്, അവന്റെ പാശത്തെ മുറുകെ പിടിക്കാനുള്ള തൗഫീഖ് നല്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു നിങ്ങൾക്കു തുണയായിരിക്കട്ടെ. ആമീൻ.

വസ്സലാം
വിനീതൻ
ഖലീഫത്തുൽ മസീഹ് V
*(വിവ: എം. മുനവ്വർ അഹ്മദ്)*

**പേജ് 4 ൽ നിന്ന്**

യി അവിടെ ധാർമികച്യുതി ഉണ്ടായി. സ്വാതന്ത്ര്യത്തിന്റെ പേരിൽ ലജ്ജയും മാന്യതയും എല്ലാം തൃണവൽഗണിക്കപ്പെട്ടു. അവർ ആ നവോത്ഥാന കാലഘട്ടത്തിനുശേഷം വീണ്ടും ആത്മീയമായ മരവിപ്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഇന്ത്യയെയും പാകിസ്ഥാനെയും പോലുള്ള വികസ്വര രാജ്യങ്ങൾക്ക് യൂറോപ്യൻ ചരിത്രത്തിൽ നിന്ന് നിരവധി പാഠങ്ങൾ പഠിക്കാനുണ്ട്. അതിലൊന്ന്, ഭൗതിക താത്പര്യങ്ങൾ മാത്രമുള്ള എല്ലാ മതനേതാക്കളെയും അവർ ഉപേക്ഷിക്കുകയും തുടർന്ന് മനുഷ്യന് ദൈവവുമായി ബന്ധം സ്ഥാപിക്കാൻ കാരണമാകുന്ന മതത്തിന്റെ മഹത്തായ ലക്ഷ്യം നേടിയെടുക്കുകയും ചെയ്യുക എന്നതാണ്. അതിന്റെ ഗുണഫലമായി ഭൗതിക വികസനവുമുണ്ടാകും സമാന്തരമായി ആത്മീയ സംതൃപ്തിയുടെ മഹത്തായ ഉപാധിയായ മതപരമായ അഭിവൃദ്ധിയും കൈവരിക്കാൻ സാധിക്കും.

ദേശീയോദ്ഗ്രഥനം കരസ്ഥമാക്കാൻ സഹായകരമായ ആശയം ഇതാണ്. ഇന്ത്യയ്ക്കും മറ്റ് വികസ്വര രാജ്യങ്ങൾക്കും പരസ്പര ഐക്യത്തിന്റെയും ഒത്തൊരുമയുടെയും അന്തരീക്ഷം സംജാതമാകുന്നതുവരെ വികസനം ദുഷ്പ്രാപ്യമാണ്. കൂടാതെ ആ ഐക്യവും അഖണ്ഡതയും ഈ രാജ്യങ്ങളിൽ നിന്ന് അയൽ രാജ്യങ്ങളിലേക്കും വ്യാപിക്കുമാറാകണം. അങ്ങനെ മുഴുലോകവും ഐക്യത്തിന്റെയും ഒത്തൊരുമയുടെയും സമഭാവനയുടെയും പ്രകാശത്താൽ പ്രശോഭിതമാവണം. ഈ മഹത്തായ ദൗത്യം സ്വാർഥ നേട്ടങ്ങൾക്കായുള്ള രാഷ്ട്രീയത്തിലൂടെയോ ഭൗതിക താത്പര്യങ്ങൾക്ക് വേണ്ടി മതത്തെ ഉപയോഗിച്ചുകൊണ്ടോ പൂർത്തിയാക്കാൻ കഴിയില്ല. മറിച്ച്, നിസ്വാർഥമായ സ്നേഹം കൊണ്ട് മാത്രമേ ഇതിനെ പരിപോഷിപ്പിക്കാൻ സാധിക്കുകയുള്ളൂ. നിർവ്യാജമായ സ്നേഹമാകട്ടെ, നിർമലമായ ആത്മീയത വഴി മാത്രമേ കൈവരിക്കാൻ കഴിയൂ. ഇതിനായി നമ്മുടെ മതങ്ങളിൽ വലിയ മുതൽക്കൂട്ടുകൾ ഉണ്ട്. എല്ലാ മതങ്ങളിലെയും പണ്ഡിതന്മാർ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അമൂല്യസമ്പത്ത് തങ്ങളുടെ വിശുദ്ധ മതഗ്രന്ഥങ്ങളിൽ നിന്ന് പുറത്തെടുത്ത് പൊതുജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ പ്രസ്താവിച്ചു:

اَلْخَلْقُ عِيَالُ اللهِ فَاَحَبُّ الْخَلْقِ اِلَى اللهِ
مَنْ اَحْسَنَ اِلٰى عِيَالِهٖ

(بیھقی فی شعب الایمان۔ مشکوٰۃ باب الشّفقۃ والرحمۃ علی الخلق۔ بحوالہ حدیقۃ الصالحین)(حدیث نمبر 712)۔

അഹ്‌മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകനായ ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് ഖാദിയാനി (ഇമാം മഹ്ദിയും മസീഹ് മൗഊദും)യുടെ മനോഹരമായ വാക്കുകളോടെ ഉപസംഹരിക്കാം: ആ മഹാത്മാവു പറയുന്നു:

മുസ്‌ലിം പണ്ഡിതന്മാരും ക്രിസ്ത്യൻ വിശാരദന്മാരും ഹിന്ദുക്കളും ആര്യസമാജികളുമായ പണ്ഡിറ്റുമാരും അറിയാൻ ഞാൻ അങ്ങേയറ്റം ആദരവോടും വിനയത്തോടും വിളംബരപ്പെടുത്തുകയാണ്. ധാർമികവും വിശ്വാസപരവുമായ ന്യൂനതകളെയും അബദ്ധങ്ങളെയും സംസ്കരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ലോകത്ത് അയക്കപ്പെട്ടിരിക്കുന്നത് ദീനിനുവേണ്ടി വാളെടുക്കുന്നതിനും മതത്തിനായി ദൈവദാസരെ കൊല്ലുന്നതിനും ഞാനെതിരാണ്. എന്റെ കഴിവനുസരിച്ച്, മുസ്‌ലീങ്ങളിൽനിന്ന് ഈ അബദ്ധവിശ്വാസങ്ങളത്രയും അകറ്റിക്കൊണ്ട് അവരെ സദ്സ്വഭാവങ്ങളുടെയും സഹനത്തിന്റെയും സഹിഷ്ണുതയുടെയും സത്യനീതിയുടെയും സത്യനിഷ്ഠയുടെയും മാർഗത്തിലേക്കു ക്ഷണിക്കാൻ ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. എല്ലാ മുസ്‌ലീങ്ങളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യസമാജക്കാരോടും ഞാൻ വ്യക്തമാക്കട്ടെ, ലോകത്ത് ആരോടും എനിക്കു ശത്രുതയില്ല. ഉദാരമതിയായ മാതാവ് തന്റെ മക്കളോടെന്നവണ്ണം, അല്ല അതിലുമുപരി, ഞാൻ മാനവകുലത്തെ സ്നേഹിക്കുന്നു... മനുഷ്യരോടുള്ള അനുകമ്പ എന്റെ കർത്തവ്യധർമമാകുന്നു. കളവിനെയും ശിർക്കിനെയും അക്രമങ്ങളെയും എല്ലാവിധ ദുഷ്കർമങ്ങളെയും അനീതികളെയും ദുഃസ്വഭാവങ്ങളെയും അപലപിക്കുക എന്നതാണ് എന്റെ പാഠം. (اربعین صفحہ 1-2)

*വിവ: കെ. താഹിർ അഹ്‌മദ്*

**പേജ് 24 ൽ നിന്ന്**

ന്റെ പ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാക്കണമെങ്കിൽ, ഇസ്‌ലാമിന്റെ സന്ദേശം ലോകത്ത് എത്തിക്കണമെങ്കിൽ, പ്രബോധനം ചെയ്യാനുള്ള കടമ നിർവഹിക്കണമെങ്കിൽ, ഇസ്‌ലാമിന്റെ പാഠമായ, നബി ﷺ ഉപദേശിച്ച, ഹദ്റത്ത് മസീഹ് മൗഊദ് ؑ നമ്മോട് ചെയ്യാൻ കൽപ്പിച്ച അത്യുന്നത സ്വഭാവങ്ങളെല്ലാം ഈ തത്വമനുസരിച്ച് നാം സ്വായത്തമാക്കേണ്ടതുണ്ട്.

'നമ്മുടെ സാക്ഷ്യങ്ങൾ സത്യത്തിനും നീതിക്കും അനുസൃതമല്ലെങ്കിൽ, നമ്മുടെ ഗാർഹികസാമൂഹിക ബന്ധങ്ങൾ നബി ﷺയുടെ ഉപദേശങ്ങൾക്കനുസരിച്ചല്ലെങ്കിൽ, നമ്മുടെ ഹൃദയങ്ങൾ ശത്രുക്കളോട് പോലും വിദ്വേഷത്തിൽ നിന്നും വൈരാഗ്യത്തിൽ നിന്നും മുക്തമല്ലെങ്കിൽ, നമ്മുടെ പ്രബോധനം യഥാർഥ മാർഗനിർദേശം നൽകുന്ന പ്രബോധനമാകില്ല. നമ്മുടെ അവസ്ഥകളും നീതിയുടെ നിലവാരങ്ങളും കണ്ട് അമുസ്‌ലീങ്ങൾ നമ്മോട് പറയും: 'നിങ്ങൾ ആദ്യം സ്വയം മാർഗനിർദേശമനുസരിച്ച് പ്രവർത്തിക്കുക. നിങ്ങൾ ആദ്യം നിങ്ങളുടെ സമൂഹത്തിൽ നീതി നടപ്പാക്കുക, എന്നിട്ട് ഞങ്ങളോട് പറയുക.' അതിനാൽ, ഓരോ അഹ്‌മദിക്കും വലിയ ഉത്തരവാദിത്വമുണ്ട്. സ്വന്തം പ്രവർത്തനങ്ങളിലൂടെ പ്രബോധനത്തിന്റെ വഴികൾ തുറക്കണം. നമ്മുടെ പ്രവർത്തനം കണ്ട് ഇസ്‌ലാമിനെക്കുറിച്ച് മനസ്സിലാക്കുന്നവർക്ക് ഇസ്‌ലാമിന്റെ നന്മകളെ അംഗീകരിക്കാതിരിക്കാൻ കഴിയില്ല.' *(ജുമുഅ ഖുതുബ, 2017 നവംബർ 10).*


• ഹദീസുന്നബവി ﷺ •

"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM



59-ാമത് യു.കെ ജൽസാ സാലാനയിലെ ആഗോള ബയ്അത്തിന്റെ വിശ്വാസവർദ്ധകമായ കാഴ്ച
111 രാഷ്ട്രങ്ങളിൽ നിന്നും 500 ജനവിഭാഗങ്ങളിലെ 2,44,408 വ്യക്തികൾ സ്നേഹത്തിന്റെ
ചരടിൽ കോർത്തിണക്കപ്പെട്ടു.




യു.കെ ജൽസാ സാലാന 2025 ൽ ഹുസൂർ തിരുമനസ്സ് പ്രഭാഷണം നിർവഹിക്കുന്നു




യു.കെ ജൽസാ സാലാന 2025 ലെ വിശ്വാസ വർദ്ധക ദൃശ്യം

Editor:
H.Shamsuddin
Act. Sub Editor:
P.K.Amnas
Mobile : +91 82815 93429
E-mail :
badrqadian@rediffmail.com
Website : www.akhbarbadr.in
: www.alislam.org/badr
Layout : HA Creative Graphics

Registered with the registrar of the newspapers for India at No. RN 61/57

Weekly BADAR Qadian

Qadian - 143516 Distt. Gurdaspur (Pb.) INDIA

Vol. 10 Thursday 18 - 25 - December - 2025 Issue. 51-52

ACT. MANAGER
ATHAR AHMAD SHAMIM
MOBILE NO. +91-9815639670
e -mail:managerbadrqnd@gmail.com
ANNUAL SUBSCRIPTION
Rs.600/-
(Per Issue : Rs. 12.00/-)
(WEIGHT : 20-50 gms/Issue)

# ഇസ്‌ലാം സർവ മതങ്ങളുടെയും ആരാധനാലയങ്ങളെ സംരക്ഷിക്കുന്നു

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു:

അല്ലാഹു സ്പഷ്ടമാക്കിയിട്ടുള്ളത്, അവൻ എല്ലാ ആരാധനാലയങ്ങളെയും സംരക്ഷിക്കുന്നുവെന്നാണ്. ഇസ്‌ലാമിന്റെ ബാധ്യതയാണത്. ഉദാഹരണത്തിന്, ഏതെങ്കിലും ക്രിസ്തീയ രാജ്യത്തിനുമേൽ ആധിപത്യം ലഭിക്കുന്ന പക്ഷം അവരുടെ ദേവാലയങ്ങളെ ആക്രമിക്കരുത്. ക്രിസ്ത്യാനികളുടെ ചർച്ചുകൾ തകർക്കുന്നത് വിലക്കേണ്ടതുണ്ട്. അവയ്ക്ക് ബുദ്ധിമുട്ടുണ്ടാക്കുകയോ അവ നിലംപരിശാക്കുകയോ അരുത്. ഇതേ നിർദേശമാണ് തിരുഹദീഥുകളിൽ നിന്നും മനസ്സിലാക്കാനാകുന്നത്. കാരണം ഹദീഥുകളിൽ വന്നിട്ടുള്ളത് ഏതെങ്കിലും സമുദായക്കാർക്കെതിരെ പടനയിക്കാൻ നിയുക്തരാകുന്ന മുസ്‌ലിം സൈന്യാധിപന്മാർക്ക് ലഭിച്ചിരുന്ന കല്പന അവർ ക്രിസ്ത്യാനികളുടെയോ ജൂതന്മാരുടെയോ ആരാധനാലയങ്ങളോ ഫക്കീറുമാരുടെ ധ്യാനകേന്ദ്രങ്ങളോ ആക്രമിക്കരുതെന്നായിരുന്നു. ഇസ്‌ലാം എത്രമാത്രം മതവിദ്വേഷ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനില്ക്കുന്നു എന്ന് ഇവിടെ വ്യക്തമാണ്. ഇസ്‌ലാം മസ്ജിദുകളെ സംരക്ഷിക്കുന്നതുപോലെ ക്രിസ്തീയ ദേവാലയങ്ങളെയും ജൂതപ്പള്ളികളെയും സംരക്ഷിക്കുന്നു.

*(ചശ്മയെ മഅ്‌രിഫത്ത് 393-394)*

# പ്രവാചകരഖിലരും സത്യവാന്മാരാണ്

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു:

ലോകത്ത് സമാഗതരായിട്ടുള്ള എല്ലാ പ്രവാചകന്മാരെയും സത്യവാന്മാരായി ഗണിക്കുക എന്ന തത്ത്വം അതിമനോഹരവും സമാധാനപ്രദവും അനുരഞ്ജനത്തിന് അടിത്തറയിടുന്നതും ധാർമികാവസ്ഥ പരിപോഷിപ്പിക്കുന്നതുമാണ്. അവർ ഇന്ത്യയിലോ പേർഷ്യയിലോ ചൈനയിലോ മറ്റേതെങ്കിലും രാജ്യത്തോ വന്നവരായിക്കൊള്ളട്ടെ, കോടിക്കണക്കിന് ജനഹൃദയങ്ങളിൽ ദൈവം അവരുടെ സ്ഥാനമാഹാത്മ്യങ്ങൾ കുടിയിരുത്തുകയും അവരുടെ മതങ്ങൾക്ക് വേരോട്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മതങ്ങൾ നിരവധി നൂറ്റാണ്ടുകളോളം നിലനിന്നു. ഇതാണ് ഖുർആൻ നമ്മെ പഠിപ്പിച്ച തത്ത്വം. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ നിർവചനത്തിൽ ഉൾപ്പെടുന്ന ഓരോ മതവിഭാഗത്തിന്റെയും നേതാക്കളെ നമ്മൾ ആദരവോടെ വീക്ഷിക്കുന്നു. അവർ ഹിന്ദുക്കളുടെ മതനേതാവാകട്ടെ, പേർഷ്യക്കാരുടെയോ, ചൈനക്കാരുടെയോ, ജൂതന്മാരുടെയോ, ക്രിസ്ത്യാനികളുടെയോ മതനേതാവാകട്ടെ.

*(തുഹ്ഫയെ ഖൈസരിയ്യ പേജ് 7)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin